ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN


# എറണാകുളം മിസ്സം



Vol. 61
Issue. 10
October 2018



www.ernakulamarchdiocese.org


ഒക്ടോബർ 1
വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ
വിശുദ്ധ കൊച്ചുത്രേസ്യായെ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL
എറണാകുളം മിസ്സം
BULLETIN

# വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | ആഗോള മിഷൻദിനം - 2018 |
| 11. | സർക്കുലർ - കർദിനാൾ |
| 15. | യുവജനസ്പന്ദനങ്ങൾ (10) |
| 17. | പിതാക്കന്മാരുടെ ശുശ്രൂഷകൾ |
| 22. | കച്ചേരിക്കാര്യം |
| 24. | Transfers/Appointments |
| 30. | A I C O - |
| 31. | നിര്യാതരായി |
| 32. | നിവേദിത, ചുണങ്ങംവേലി |
| 33. | വാർത്തകളും വിശേഷങ്ങളും |
| 34. | Department of Catechesis |
| 39. | Department of Family Apostolate |
| 41. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 44. | Department of Evangelization |
| 44. | Department of Bible Apostolate |
| 45. | കെ. സി. വൈ. എം. |
| 46. | നൈപുണ്യ ഇന്റർനാഷണൽ |
| 47. | അതിരൂപതാ ഡയറി |


**Editor: Rev. Fr. Jose Pollayil**

Volume : **61**
Issue No. : **10**
Month : **October 2018**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: ₹ 15.00
Annual: ₹ 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam,
Major Archbishop's House, Ernakulam,
P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings,
Lisie Hospital Road, Ernakulam,
Kochi 682018.
Published from Major Archbishop's House,
Ernakulam, P.B.No. 2580, Kochi 682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Menachery Joseph, Karumaloor | 1899 | 1928 | 3-10-1988 |
| Fr. Mangaly Paul, Manjapra | 1892 | 1923 | 4-10-1977 |
| Fr. Payapilly Varghese, Konthuruthy | 1876 | 1907 | 5-10-1929 |
| Fr. Payyappilly Thomas, Thuravoor | 1917 | 1948 | 5-10-1975 |
| Fr. Nalkara Joseph, Akaparambu | 1891 | 1915 | 7-10-1948 |
| Fr. Meleth Thomas, Chunangamvely | 1941 | 1967 | 8-10-1987 |
| Fr. Bharanikulangara Joseph, Thuravoor North | 1932 | 1959 | 8-10-2012 |
| Fr. Manikanamparambil Yohannan, Udayamperoor | 1837 | 1865 | 09-10-1898 |
| Fr. Manikanamparambil Joseph, Udayamperoor | 1869 | 1897 | 10-10-1948 |
| Fr. Parampy Joseph, Mampra | 1908 | 1937 | 10-10-1949 |
| Fr. Muttumana Joseph, Vaikom Town | 1923 | 1950 | 11-10-2010 |
| Fr. Eravely Mathias TOCD, Amballoor | 1854 | | 13-10-1933 |
| Fr. Veluthedath Thomas, Kudavechoor | 1904 | 1933 | 13-10-1971 |
| Fr. Panachickal George, Malayattoor | 1933 | 1960 | 17-10-2009 |
| Fr. Chaniparambil Cyriac, Ezhupunna | 1929 | 1958 | 17-10-2010 |
| Fr. Pulianthuruthil Joseph, Aluva | 1894 | 1921 | 18-10-1958 |
| Fr. Malamel Samuel, Edappally | 1941 | 1967 | 18-10-2012 |
| Fr. Painadeth Valiya Paulose, Karukutty | 1862 | 1893 | 21-10-1937 |
| *Msgr. Thaliath Joseph, Puthenpally* | *1915* | *1942* | *21-10-1996* |
| Fr. Koilparambil Mathew, Pallippuram | 1938 | 1966 | 21-10-2014 |
| Fr. Kattarath Varkey, Thottakom | | | 24-10-1931 |
| Fr. Pottayil Issac, Vaikom | 1902 | 1933 | 26-10-1985 |
| Fr. Vazhathara Joseph, Pallipuram | 1882 | 1912 | 28-10-1964 |
| Fr. Vadapuram Job, Chalil | 1900 | 1933 | 28-10-1974 |
| Fr. Chakiath Joseph, Thundathumkadavu | 1926 | 1952 | 29-10-1995 |
| Fr. Thattezhath Joseph, Kothavara | 1913 | 1941 | 29-10-2003 |

Ref: 3141/K-5/KCBC/OL/DS 15.09.2018

# ആഗോളമിഷൻദിനം 2018

*നമുക്ക് യുവജനങ്ങളോടൊപ്പം*
*എല്ലാവർക്കും സുവിശേഷം എത്തിച്ചുകൊടുക്കാം*

പ്രിയ യുവജനങ്ങളേ, ക്രിസ്തുവിൽ നിന്ന് നാം സ്വീകരിച്ച സുവിശേഷദൗത്യത്തെക്കുറിച്ച് നിങ്ങളോടുകൂടെ ചിന്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സഭയിൽ ദൈവമക്കളെന്ന നിലയിൽ സാഹസിക ജീവിതം നയിക്കുന്ന എല്ലാ ക്രൈസ്തവരെയും നിങ്ങളോടു സംസാരിക്കുമ്പോൾ ഞാൻ അഭിസംബോധന ചെയ്യുന്നുണ്ട്. നിങ്ങളുമായുള്ള ഈ സംസാരത്തിലൂടെ എല്ലാവരോടും സംസാരിക്കാൻ എന്നെ പ്രേരിപ്പിക്കുന്നത് ഒരു തീർച്ചയാണ്. ക്രൈസ്തവവിശ്വാസം യേശു നമ്മെ ഏല്പിച്ച ദൗത്യത്തോടു തുറവുള്ളതാകുമ്പോൾ നിത്യയൗവനത്തിൽ നിലനില്ക്കുമെന്ന തീർച്ചയാണത്. വിശുദ്ധ ജോൺപോൾ രണ്ടാമന്റെ വാക്കുകളിൽ പറഞ്ഞാൽ "മിഷൻ വിശ്വാസത്തെ പുനരുജീവിപ്പിക്കുന്നു" (രക്ഷകന്റെ മിഷൻ 2). യുവജനത്തോട് വലിയ സ്നേഹവും താത്പര്യവും കാണിച്ചിരുന്ന മാർപാപ്പയാണല്ലോ അദ്ദേഹം.

വരുന്ന മിഷൻമാസമായ ഒക്ടോബറിൽ ഒരു സൂനഹദോസ് റോമിൽ വച്ചു നടത്തും. കർത്താവായ യേശു യുവജനങ്ങളേ, നിങ്ങളോടും നിങ്ങളിലൂടെ എല്ലാ ക്രൈസ്തവ സമൂഹങ്ങളോടും, വിശ്വാസത്തെ കൂടുതൽ പൂർണമായി ഗ്രഹിക്കാൻ കർത്താവായ യേശുവിന് പറയാനുള്ളത് എന്താണെന്ന് വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാനുള്ള ഒരു അവസരമാകും അത്.

**ജീവിതം ഒരു മിഷനാണ്**

ഓരോ സ്ത്രീയും പുരുഷനും മിഷനാണ്. ഈ ലോകത്തിലുള്ള നമ്മുടെ ജീവിതത്തിന്റെ കാരണം അതാണ്. *ആകർഷിക്കപ്പെടുക അയയ്ക്കപ്പെടുക* എന്നീ രണ്ടു കാര്യങ്ങൾ നമ്മുടെ ഹൃദയത്തിൽ സ്നേഹത്തിന്റെ ആന്തരിക ശക്തികളായി നമുക്ക് അനുഭവപ്പെടും - പ്രത്യേകിച്ച് ചെറുപ്പത്തിൽ. അവ നമ്മുടെ ഭാവിയുടെ വാഗ്ദാനവും ജീവിതത്തിന് മാർഗദർശനവും നല്കുന്നു. ജീവന്റെ ശക്തി നമ്മിൽ പ്രവേശി

ക്കുകയും ആകർഷിക്കുകയും ചെയ്യുന്നതായി മറ്റുള്ള ആരെയുംകാൾ കൂടുതലായി യുവജനങ്ങൾക്കു തോന്നും. ലോകത്തോട് നമുക്കുള്ള ഉത്തരവാദിത്വം സന്തോഷപൂർവം ജീവിക്കുകയെന്നത് വലിയൊരു വെല്ലുവിളിയാണ്. യൗവനത്തിന്റെ പ്രകാശത്തെയും നിഴലുകളെയുംകുറിച്ച് എനിക്ക് നന്നായിട്ട് അറിയാം. ഞാൻ എന്റെ യൗവനകാലത്തെയും എന്റെ കുടുംബത്തെയും പറ്റി ചിന്തിക്കുമ്പോൾ കൂടുതൽ നല്ല ഭാവിക്കുവേണ്ടിയുള്ള എന്റെ പ്രത്യാശയുടെ ശക്തി ഞാൻ ഓർമിക്കുന്നു. നമ്മുടെതന്നെ തിരഞ്ഞെടുപ്പുകൊണ്ടല്ല നമ്മൾ ഈ ലോകത്തിലായിരിക്കുന്നത്. നമുക്ക് മുമ്പേയുള്ള ഒരു പ്രാരംഭശക്തിയുണ്ടെന്നും അത് നമുക്ക് അസ്തിത്വം നല്കുന്നുവെന്നുമുള്ള ബോധം ആ വസ്തുത നമുക്കു നല്കുന്നു. നമ്മിൽ ഓരോരുത്തരും ഈ വസ്തുതയെക്കുറിച്ചു ചിന്തിക്കണം: "ഞാൻ ഈ ലോകത്തിൽ ഒരു മിഷനാണ്. ഞാൻ ഈ ലോകത്തിലായിരിക്കുന്നതിന്റെ കാരണം അതാണ്" (സുവിശേഷത്തിന്റെ സന്ദേശം 273).

## നാം യേശുക്രിസ്തുവിനെ പ്രഘോഷിക്കുന്നു

സഭ താൻ സൗജന്യമായി സ്വീകരിച്ചത് പ്രഘോഷിക്കുന്നു (cf മത്താ 10:8; അപ്പ 3:6). അങ്ങനെ ചെയ്തുകൊണ്ട്, നമ്മുടെ ജീവിതത്തിന് ഈ ലോകത്തിൽ അർഥം നല്കുന്ന വഴിയും സത്യവും യുവജനമായ നിങ്ങളുമായി പങ്കുവയ്ക്കാൻ കഴിയും. സത്യത്തിന്റേതും നിറവേറലിന്റേതുമായ ഈ സന്ദേശം കണ്ടെത്താനും പ്രഘോഷിക്കാനും നമുക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്ത യേശുക്രിസ്തു നമ്മുടെ സ്വാതന്ത്ര്യത്തോട് ആവശ്യപ്പെടുകയും നമ്മെ വെല്ലുവിളിക്കുകയും ചെയ്യുന്നു. പ്രിയ യുവജനമേ, ക്രിസ്തുവിനെയും സഭയെയും ഭയപ്പെടേണ്ട. എന്തെന്നാൽ ജീവിതത്തെ സന്തോഷം കൊണ്ടുനിറയ്ക്കുന്ന നിധി അവിടെ നമ്മൾ കണ്ടെത്തുന്നു. എന്റെ അനുഭവത്തിൽ നിന്നു തന്നെ ഇക്കാര്യം നിങ്ങളോടു പറയാൻ എനിക്ക് സാധിക്കും. വിശ്വാസത്തിന്റെ സഹായത്താൽ എന്റെ സ്വപ്നങ്ങളുടെ തീർച്ചയുള്ള അടിസ്ഥാനവും അവയെ യാഥാർഥ്യമാക്കാൻ വേണ്ട ശക്തിയും ഞാൻ കണ്ടെത്തി.

നമ്മുടെ അനേകം സഹോദരങ്ങളുടെ മുഖങ്ങൾ വലിയ സഹനവും ദാരിദ്ര്യവും കൊണ്ട് വികലമാക്കപ്പെട്ടതായി ഞാൻ കണ്ടിട്ടുണ്ട്. എന്നാലും യേശുവിന്റെയടുത്തു നില്ക്കുന്നവർക്കു തിന്മ തന്നെ വലിയ

സ്നേഹത്തിനുള്ള പ്രചോദനമാണ്. സുവിശേഷത്തോടുള്ള സ്നേഹം കൊണ്ട് അനേകം സ്ത്രീപുരുഷന്മാരും അനേകം യുവജനങ്ങളും ഉദാരതയോടെ തങ്ങളെത്തന്നെ ബലികഴിച്ചിട്ടുണ്ട് - ചിലപ്പോൾ രക്തസാക്ഷികളാകുകപോലും ചെയ്തിട്ടുണ്ട്. യേശുവിന്റെ കുരിശിൽ നിന്ന് ആത്മബലിയുടെ യുക്തി നാം പഠിക്കുന്നു (cf 1 കോറി 1:17-25). ലോകത്തിന്റെ ജീവനുവേണ്ടിയുള്ള സുവിശേഷപ്രഘോഷണമാണത് (cf യോഹ 3:16). ക്രിസ്തുവിനോടുള്ള സ്നേഹാഗ്നിയാൽ കത്തിക്കപ്പെടുക ആ അഗ്നിയാൽ വിഴുങ്ങപ്പെടുക അതിന്റെ പ്രകാശത്താൽ മനസ്സിലാക്കൽ പ്രക്രിയയിൽ വളരുക അതിന്റെ സ്നേഹത്താൽ ചൂടുള്ളവരായിരിക്കുക (cf 2 കോറി 5:14). ദൈവത്തിന്റെ വിസ്തൃത ചക്രവാളത്തിലേക്ക് നമ്മെ തുറക്കുന്ന വിശുദ്ധരുടെ പാഠശാലയിൽ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. "ക്രിസ്തു എന്റെ സ്ഥാനത്തായിരുന്നെങ്കിൽ അവിടന്ന് എന്തു ചെയ്യുമായിരുന്നു?" എന്ന വിസ്മയത്തിൽ നിർത്താതിരിക്കാനാണ് ഞാൻ ക്ഷണിക്കുന്നത്.

**വിശ്വാസത്തെ ലോകത്തിന്റെ അതിരുകളിലേക്ക് പകരുക**

യുവസുഹൃത്തുക്കളേ, നിങ്ങളും മാമ്മോദീസ വഴി സഭയുടെ ജീവിക്കുന്ന അംഗങ്ങളായി. അതോടെ എല്ലാവർക്കും സുവിശേഷം എത്തിച്ചുകൊടുക്കാനുള്ള ദൗത്യം നമ്മൾ സ്വീകരിച്ചിട്ടുണ്ട്. നിങ്ങൾ ജീവിതത്തിന്റെ പടിവാതുക്കലാണ്. സഭയുടെ കൂദാശകൾ, നമുക്ക് നല്കപ്പെട്ട വിശ്വാസത്തിന്റെ കൃപാവരത്തിൽ വളരുന്നതിന്, സാക്ഷികളുടെ മഹത്തായ പ്രവാഹത്തിലേക്ക് നമ്മെ മുക്കുന്നു. തലമുറതോറും കൂടുതൽ പ്രായമുള്ളവരുടെ ജ്ഞാനവും അനുഭവവും, ഭാവിയിലേക്ക് നോക്കുന്നവർക്ക് സാക്ഷ്യവും പ്രോത്സാഹനവുമായിത്തീരാൻ ആ സാക്ഷികൾ ശക്തി നല്കും. ജീവിതയാത്രയുടെ അന്തിമഘട്ടത്തിലേക്കു അടുക്കുന്നവർക്ക് യുവജനത്തിന്റെ നവീനതയും ആവേശവും പിന്തുണയുടെയും പ്രത്യാശയുടെയും ഉറവിടമാക്കിമാറ്റും. ജീവിതത്തിലെ വ്യത്യസ്ത ഘട്ടങ്ങളുടെ ഈ ഇണക്കിച്ചേർക്കലിൽ സഭയുടെ മിഷൻ തലമുറകൾ തമ്മിലുള്ള പാലം പണിയും. നമ്മുടെ ദൈവവിശ്വാസവും അയൽക്കാരനോടുള്ള സ്നേഹവും അഗാധമായ ഐക്യത്തിന്റെ ഉറവിടമാകും.

വിശ്വാസത്തിന്റെ ഈ പകർന്നു നല്കൽ സഭയുടെ മിഷന്റെ കേന്ദ്രമാണ്. പകരാനുള്ള സ്നേഹത്തിന്റെ കഴിവിൽ നിന്നാണ് അത് ഉദ്ഭവി

ക്കുന്നത്. അവിടെ സന്തോഷവും ആവേശവും ജീവിതത്തിൽ പുതുതായി കണ്ടെത്തിയ അർഥത്തിന്റെയും നിറവേറലിന്റെയും പ്രകടനമായിത്തീരുന്നു. ആകർഷണം വഴിയുള്ള വിശ്വാസത്തിന്റെ വ്യാപനത്തിന് തുറവുള്ളതും സ്നേഹത്താൽ വികസിക്കപ്പെട്ടതുമായ ഹൃദയങ്ങൾ വേണം. സ്നേഹത്തിന് അതിരുകല്പിക്കാൻ സാധ്യമല്ല. കാരണം, അത് മരണത്തെപ്പോലെ ശക്തമാണ് (cf ഉത്തമഗീതം 8:6). കണ്ടുമുട്ടൽ, സാക്ഷ്യം, പ്രഘോഷണം എന്നിവയെ ആ വ്യാപനം ഉത്പാദിപ്പിക്കുന്നു. വിശ്വാസത്തിൽ നിന്ന് അകലെയായിരിക്കുന്നവരും, നിസ്സംഗരായിരിക്കുന്നവരും ശത്രുതയോടെ വിശ്വാസത്തെ എതിർക്കുന്നവരുമായ എല്ലാവരുമായി പരസ്നേഹത്തിൽ പങ്കുവയ്ക്കലിനെ ജനിപ്പിക്കുന്നു. യേശുവിന്റെ സുവിശേഷവും സഭയുടെ കൗദാശിക സാന്നിധ്യവും ഇനിയും അറിയാത്ത മാനുഷിക-സാംസ്കാരിക-മതാത്മക പരിതസ്ഥിതികളാണ് അങ്ങേയറ്റത്തെ അരികുകൾ അഥവാ ലോകത്തിന്റെ അതിരുകൾ. ആ അതിരുകളിലേക്ക് ഒന്നാമത്തെ ഈസ്റ്റർ മുതൽ ക്രിസ്തു തന്റെ പ്രേഷിതശിഷ്യരെ അയച്ചും അവരുടെ കർത്താവ് എപ്പോഴും അവരുടെ കൂടെ ഉണ്ടായിരിക്കുമെന്ന തീർച്ചയോടെയാണ് അയച്ചത് (cf മത്താ 28:20; അപ്പ 1:8). "ജാതികളിലേക്കുള്ള പ്രേഷിതത്വം" എന്ന് നാം വിളിക്കുന്നത് ഇതിനെയാണ്. ഏറ്റവും ജീർണിച്ച അതിര് യേശുവിനെ ആവശ്യമുള്ള മനുഷ്യവർഗം വിശ്വാസത്തോട് നിസ്സംഗത പുലർത്തുന്ന സ്ഥലമാണ്. അല്ലെങ്കിൽ ദൈവത്തിലുള്ള ജീവന്റെ പൂർണതയോട് വിദ്വേഷം പ്രകടിപ്പിക്കുന്നിടമാണ്. ഭൗമികവും ആധ്യാത്മികവുമായ എല്ലാ ദാരിദ്ര്യവും നമ്മുടെ സഹോദരീസഹോദരന്മാരോട് കാണിക്കുന്ന വിവേചനത്തിന്റെ ഓരോ രൂപവും എപ്പോഴും ദൈവത്തെയും അവിടത്തെ സ്നേഹത്തെയും തള്ളിക്കളയുന്നതിന്റെ ഫലമായിട്ട് ഉണ്ടാകുന്നതാണ്.

പ്രിയ യുവജനമേ, ലോകത്തിന്റെ അതിരുകൾ ഇക്കാലത്ത് തികച്ചും ആപേക്ഷികമാണ്. മിക്കപ്പോഴും എളുപ്പത്തിൽ "കപ്പൽ സഞ്ചാരം ചെയ്യാവുന്നതുമാണ്. ഡിജിറ്റൽ ലോകം - ഏറെ വ്യാപകവും സുലഭവുമായ സാമൂഹിക നെറ്റ്വർക്കുകൾ അതിരുകളെ ഇല്ലാതാക്കുന്നു. അകലം ഇല്ലാതാക്കുന്നു. വ്യത്യാസങ്ങൾ കുറയ്ക്കുന്നു. എല്ലാം കൈയെത്തുന്നിടത്ത് ഉള്ളവയായി ഏറ്റവും അടുപ്പത്തിലുള്ളതായി, നേരിട്ടു കിട്ടുന്നതായി തോന്നുന്നു. എന്നാലും അനേകം ബന്ധപ്പെടലുകൾ നമുക്ക് ഉണ്ടാകുന്നുണ്ടെങ്കിലും ജീവന്റെ യഥാർഥ കൂട്ടായ്മ

യിൽ ഒരിക്കലും പങ്കുചേരുന്നില്ലെന്നു വരാം. നമ്മുടെ ജീവിതത്തിന്റെ ആത്മാർഥമായ ദാനമില്ലാത്തതുകൊണ്ടാണത്. ലോകത്തിന്റെ അതിർത്തികൾവരെ മിഷനിൽ പങ്കുചേരുകയെന്നത്, ദൈവം നമുക്കു തന്ന വിളിയിൽ നമ്മെത്തന്നെ ദാനമായി നല്കുകയെന്നത്, ആവശ്യമാണ്. ദൈവമാണല്ലോ നമ്മെ ഈ ഭൂമിയിൽ സ്ഥാപിച്ചത് (cf ലൂക്കാ 9:23-25). യേശുക്രിസ്തുവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്ന ഏതു യുവാവിനെയും യുവതിയെയും സംബന്ധിച്ചിടത്തോളം ഏറ്റവും സത്താപരമായിട്ടുള്ളത് സ്വന്തം വിളി അന്വേഷിക്കുകയും കണ്ടെത്തുകയും അതിൽ നിലനില്ക്കുകയും ചെയ്യുകയെന്നതാണ് എന്നു ഞാൻ ഉറപ്പിച്ചു പറയുന്നു.

**സ്നേഹത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട്**

തന്റെ സഭയിൽ വസിക്കുന്ന യേശുവിനെ വ്യക്തിപരമായി കണ്ടുമുട്ടുവാൻ നിങ്ങൾക്ക് സാധ്യത നല്കുന്ന സഭാത്മകഗ്രൂപ്പുകളായിട്ടുള്ള ഇടവകകൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ സന്ന്യസ്ത സമൂഹങ്ങൾ എന്നിവരോടും മിഷണറിസേവനത്തിന്റെ വിവിധപ്രകാശനങ്ങളോടും എനിക്കു നന്ദിയുണ്ട്. എത്രയോ യുവജനങ്ങൾ പ്രേഷിതത്വ സന്നദ്ധസേവനത്തിൽ നമ്മുടെ സഹോദരീസഹോദരന്മാരിൽ "ഏററവും എളിയവരെ" സേവിക്കാനുള്ള മാർഗം കണ്ടെത്തുന്നുണ്ട് (cf മത്താ 25:40). അവർ മനുഷ്യമഹത്ത്വത്തെ വളർത്തുന്നു. സ്നേഹത്തിന്റെ സന്തോഷത്തിനും ക്രിസ്ത്യാനിയായിരിക്കുന്നതിലുള്ള സന്തോഷത്തിനും അവർ സാക്ഷ്യം വഹിക്കുന്നു. സഭാത്മകമായ ഈ അനുഭവങ്ങൾ യുവജനങ്ങളെ പ്രൊഫഷണൽ വിജയത്തിനായി മാത്രമല്ല പിന്നെയോ, മറ്റുള്ളവർക്കു സേവനം ചെയ്യാൻ ദൈവം നല്കിയ ദാനങ്ങളെ വികസിപ്പിക്കുകയും വളർത്തുകയും ചെയ്യാനും പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ട്. താത്കാലിക മിഷണറി സേവനത്തിൽ പ്രശംസനീയമായ ഈ രൂപങ്ങൾ ഫലപൂർണമായ ആരംഭമാണ്. വിളിപരമായ തിരിച്ചറിവിലൂടെ നിങ്ങളെ സഹായിക്കാൻ- മിഷണറിമാരായി ജീവിതം മുഴുവൻ സമർപ്പിക്കാൻ സഹായിക്കുന്നതിന്- അവർക്ക് കഴിയും.

പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ യുവഹൃദയങ്ങളിൽ നിന്നാണു ജനിച്ചത്. ഓരോ ജനതയോടും സുവിശേഷ പ്രസംഗം നടത്താനുള്ള പിന്തുണയുടെ മാർഗമാണത്. സത്യം അറിയാൻ ദാഹിക്കുന്ന എല്ലാവർക്കും മാനുഷികവും സാംസ്കാരികവുമായ വളർച്ച

യ്ക്കായി സഹായം ചെയ്യുവാനാണത്. പൊന്തിഫിക്കൽ മിഷൻ സൊസൈറ്റിയിലൂടെ പ്രാർഥനയും ഭൗതികസഹായങ്ങളും ഉദാരതയോടെ നല്കപ്പെടുകയും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. വ്യക്തിപരമായ കാര്യങ്ങളിൽ സഹായിക്കപ്പെടുന്നവർ അവരുടെ അനുദിന ജീവിത സാഹചര്യങ്ങളിൽ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ കഴിവുള്ളരാകുമെന്ന് പരിശുദ്ധ സിംഹാസനത്തിന് ഉറപ്പുണ്ടാകാൻ ആ സൊസൈറ്റികൾ സഹായിക്കുന്നു. തങ്ങൾക്ക് ഉള്ളത് എന്നതിനെക്കാൾ തങ്ങൾ ആയിരിക്കുന്നതെന്തോ അത് ഒന്നാമതായി നല്കാൻ കഴിയാത്തവിധം ദരിദ്രനായി ആരുമില്ല. ചിലിയിലെ യുവജനത്തോട് ഞാൻ പറഞ്ഞ പ്രോത്സാഹനകരമായ വാക്കുകൾ ആവർത്തിക്കട്ടെ: "ഒന്നും കൊടുക്കാനില്ലെന്നോ ആർക്കും നിങ്ങളെക്കൊണ്ട് ആവശ്യമില്ലെന്നോ നിങ്ങൾ ഒരിക്കലും വിചാരിക്കരുത്. ഏറെ ആളുകൾക്ക് നിങ്ങളെക്കൊണ്ട് ആവശ്യമുണ്ട്. ഇതിനെപ്പറ്റി ചിന്തിക്കുക! നിങ്ങളിൽ ഓരോ വ്യക്തിയും ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കണം: അനേകർക്ക് ആവശ്യമുള്ള ആളാണ് ഞാൻ" (യുവജനങ്ങളെ കണ്ടുമുട്ടൽ, മയ്പൂ ഷ്റൈൻ, 17 ജനുവരി 2018).

പ്രിയയുവജനമേ, മിഷനുകളുടെ മാസമായ ഈ ഒക്ടോബർ മാസത്തിൽ നിങ്ങൾക്കായുള്ള സൂനഹദോസു നടത്തും. യേശുവിനും ലോകത്തിന്റെ അതിർത്തികൾ വരെയുള്ള അവിടത്തേ മിഷനും വികാരാവേശത്തോടെ കൂടുതൽ സമർപ്പിതരായ മിഷണറി ശിഷ്യന്മാരാകാൻ ഒരിക്കൽ കൂടി നമ്മെ സഹായിക്കുന്ന ഒരവസരമായിരിക്കും അത്. നമുക്ക് എല്ലാവർക്കും വേണ്ടി മാധ്യസ്ഥ്യം വഹിക്കാനും എപ്പോഴും നമ്മോടൊപ്പം ഉണ്ടായിരിക്കാനും ശ്ലീഹന്മാരുടെ രാജ്ഞിയായ മറിയത്തോടും വിശുദ്ധ ഫ്രാൻസിസ് സേവ്യറിനോടും വിശുദ്ധ കൊച്ചുത്രേസ്യായോടും വാഴ്ത്തപ്പെട്ട പാവുളോ മന്നായോടും ഞാൻ അപേക്ഷിക്കുന്നു.

വത്തിക്കാനിൽ നിന്ന്, 20 മേയ് 2018 പെന്തെക്കോസ്താ തിരുനാൾ ദിവസം

**ഫ്രാൻസിസ് മാർപാപ്പാ**

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

Prot. No.1733/2018 21 September 2018

# സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ!

രണ്ട് പ്രധാനപ്പെട്ട സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതിന് സെപ്റ്റംബർ 24-ാം തീയതി തിങ്കളാഴ്ച ഞാൻ റോമിലേക്ക് പുറപ്പെടുകയാണ്. നവംബർ 3-ാം തിയതി മാത്രമേ തിരിച്ചെത്തുകയുള്ളൂ. ആദ്യത്തെ സമ്മേളനം സെപ്റ്റംബർ 25 മുതൽ 28 വരെയുള്ളത് സഭൈക്യത്തിനുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റേതാണ്. ഈ കൗൺസിലിൽ ഞാനൊരു അംഗമാണെന്ന് നിങ്ങളിൽ കുറെ പേർക്കെങ്കിലും അറിയാമല്ലൊ. രണ്ടാമത്തെ സമ്മേളനം ഒക്ടോബർ 3 മുതൽ 28 വരെ നടക്കുന്ന സിനഡാണ്. 'യുവജനങ്ങൾ വിശ്വാസവും ദൈവവിളി വിവേചിച്ചറിയലും' എന്നതാണ് സിനഡിന്റെ ചർച്ചാവിഷയം. സിനഡിന് വേണ്ടിയുള്ള നമ്മുടെ സഭയിലെ ഒരുക്കങ്ങളിലെല്ലാം നിങ്ങളും പങ്കാളികളായിരുന്നല്ലൊ. നമ്മുടെ സഭയിൽനിന്ന് അഭിവന്ദ്യ ജോസഫ് പണ്ടാരശ്ശേരിൽ, ജോസഫ് പാംപ്ലാനി എന്നീ പിതാക്കന്മാരും എന്നോടൊപ്പം സിനഡിൽ സംബന്ധിക്കുന്നുണ്ട്. കൂടാതെ, മലങ്കര സഭയിൽനിന്ന് അഭിവന്ദ്യ കർദ്ദിനാൾ ബസേലിയൂസ് ക്ലീമീസ് പിതാവും ലത്തീൻ സഭയിൽ നിന്ന് 5 പിതാക്കന്മാരും പങ്കെടുക്കുന്നുണ്ട്. ഈ രണ്ട് പ്രധാനപ്പെട്ട സമ്മേളനങ്ങളുടെയും, വിശിഷ്യ്യാ, സിനഡിന്റെ വിജയത്തിനുവേണ്ടി നിങ്ങളെല്ലാവരും പ്രാർത്ഥിക്കണമെന്ന് ഞാൻ സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

അടുത്ത കാലങ്ങളിൽ ഇന്ത്യയിലെ സഭയിൽ നടന്ന ചില സംഭവങ്ങൾ സഭാമക്കളായ നിങ്ങൾക്ക് വേദനയും ആശയക്കുഴപ്പവും ഉണ്ടാക്കിയിട്ടുണ്ടെന്ന് എനിക്കറിയാം. നിങ്ങളോടൊപ്പം ഞാനും വേദനിക്കുന്നുണ്ട്. ചില കാര്യങ്ങളിൽ ചിലർ എന്നെ പരാമർശിച്ചും തങ്ങളുടെ ആശങ്കകളും അഭിപ്രായങ്ങളും പ്രകടിപ്പിച്ചിട്ടുണ്ട്. മേജർ ആർച്ച് ബിഷപ്പ് എന്ന നിലയിലുള്ള എന്റെ ചുമതലകൾ എന്റെ സഹപ്രവർത്തകരോടും പരിശുദ്ധ സിംഹാസനത്തോടു ബന്ധപ്പെട്ട ഉന്നത സഭാശുശ്രൂഷ

കരോടും ആലോചിച്ചാണ് ചെയ്തുവരുന്നത്. കുറവുകളുണ്ടാകുമ്പോൾ അവ പരിഹരിക്കുവാൻ പരിശ്രമിക്കുന്നുമുണ്ട്.

തെറ്റിദ്ധാരണകളും കുറ്റപ്പെടുത്തലുകളും ഉണ്ടാവുക മനുഷ്യസഹജമാണ്. നമ്മുടെ കർത്താവും രക്ഷകനുമായ ഈശോയാണ് ഏറ്റവും അധികം തെറ്റിദ്ധരിക്കപ്പെട്ടവൻ. ഏറ്റവുമധികം കുറ്റപ്പെടുത്തപ്പെട്ടവനും അവിടുന്നു തന്നെയാണ്. പീലാത്തോസിനോടോ, ഹേറോദോസിനോടോ, തന്റെ ശിഷ്യന്മാരോടു തന്നെയുമോ എല്ലാം വെളിപ്പെടുത്തി തന്റെ ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ അവിടുന്ന് ഒരുമ്പെട്ടതായി കാണുന്നില്ല. തന്റെ പ്രതിയോഗികളുടെ ഉപജാപങ്ങളും ഗൂഡാലോചനകളും മൂലം നിഷ്ഠൂരമായ പീഡനങ്ങൾക്കും കുരിശുമരണത്തിനും അവിടുന്ന് വിധേയനായി. ആ സഹനവും മരണവും മനുഷ്യരക്ഷയ്ക്ക് കാരണമായി തീർന്നു എന്നതാണ് നമ്മുടെ വിശ്വാസത്തിന്റെ സവിശേഷത.

ചില സമീപകാല സംഭവങ്ങൾ ചിലർക്കൊക്കെ ഉതപ്പിന് കാരണമായെന്നും മനസ്സിലാക്കുന്നു. ഉതപ്പുകളെക്കുറിച്ച് ഈശോ പറയുന്നതിപ്രകാരമാണ്: "ദുഷ്പ്രേരണകൾ ഉണ്ടാകാതിരിക്കുക അസാദ്ധ്യം. എന്നാൽ, ആർമൂലം അവ ഉണ്ടാകുന്നുവോ അവനു ദുരിതം" (ലൂക്കാ 17:1). മനുഷ്യസമൂഹത്തിൽ എല്ലാക്കാലത്തും ഇടർച്ചയുണ്ടാക്കുന്ന സംഭവങ്ങൾ അരങ്ങേറിയിട്ടുണ്ട്. അതീവഗുരുതരങ്ങളായവയും സംഭവിച്ചിട്ടുണ്ട്. അതിന്റെ പേരിൽ ഇടർച്ചയ്ക്ക് കാരണമാകുന്ന സംഭവങ്ങളെ ന്യായീകരിക്കാൻ നമുക്ക് സാധിക്കുകയില്ല. ഇടർച്ചകൾ ഉണ്ടാകാതിരിക്കാൻ നാം ശ്രദ്ധിക്കുകയാണ് വേണ്ടത്. ഇടർച്ചയ്ക്കു കാരണമാകുന്ന സംഭവങ്ങളിൽ എപ്രകാരം പ്രതികരിക്കണമെന്നും പരിഹാരങ്ങൾ കാണണമെന്നും അടുത്തകാലത്തെ സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ എല്ലാവരും ചിന്തിക്കുന്നതും ആരോഗ്യകരമായ സമീപനങ്ങൾ സ്വീകരിക്കുന്നതും നന്നായിരിക്കും. ഇപ്പോൾ നടക്കുന്ന രീതികൾ സഭയുടെ സന്ദേശത്തിനോ സാക്ഷ്യത്തിനോ നിരക്കുന്നവയാണോ എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു.

സമൂഹത്തിലും സഭയിലും വിവാദങ്ങളൊ ഇടർച്ചകളൊ ഒക്കെ ഉണ്ടാകുമ്പോൾ നമ്മുടെ വിശ്വാസം പരീക്ഷിക്കപ്പെടുന്നുണ്ട്. എന്നാൽ, പരീക്ഷണങ്ങളിൽ പരാജയപ്പെടേണ്ടവരല്ല നമ്മൾ. ഈശോയ്ക്കും

തന്റെ പരസ്യജീവിതത്തിൽ പരീക്ഷണങ്ങൾ ഉണ്ടായിരുന്നല്ലോ. നഷ്ട ധൈര്യനാകാതെ തന്റെ പിതാവായ ദൈവത്തിലാശ്രയിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പരീക്ഷണങ്ങളെയെല്ലാം വിജയത്തിന്റെ വഴിത്താരയാക്കി അവിടുന്ന് മാറ്റി. സഭയും എല്ലാക്കാലങ്ങളിലും പരീക്ഷണങ്ങളെ നേരിട്ടിട്ടുണ്ട്. ഒരു വ്യക്തിക്കോ ഏതാനും പേർക്കോ ഉണ്ടാകുന്ന വീഴ്ച സഭ മുഴുവന്റെയും വീഴ്ചയോ പരാജയമോ ആയി കാണുന്നത് ശരിയല്ല. ഇക്കാലത്ത് സഭ നേരിടുന്ന പരീക്ഷണങ്ങളെ സധൈര്യം നേരിടുവാൻ നമുക്ക് സഭയോടൊത്തു നിൽക്കാം. ഭഗ്നാശരാകാതെ വിശ്വാസത്തിൽ അടിയുറച്ച് നിന്നുകൊണ്ട് പരിശുദ്ധാത്മാവ് നൽകുന്ന പ്രത്യാശയോടെ നമുക്ക് പരീക്ഷണങ്ങളെ വിജയിക്കാം. ദൈവവചനത്തിലും പ്രാർത്ഥനയിലും നാം ശക്തി സംഭരിക്കണം.

ആഗസ്റ്റു മാസത്തിലെ പ്രകൃതി ദുരന്തങ്ങളെ സൃഷ്ടപ്രപഞ്ചത്തിന്റെ പരിമിതിയുടെ വെളിപ്പെടുത്തലുകളായിട്ടാണ് നാം കാണേണ്ടത്. മനുഷ്യർക്ക് രോഗങ്ങളും തെറ്റുകളും കുറ്റങ്ങളും ഒക്കെ ഉള്ളതുപോലെ പ്രപഞ്ചത്തിനും അതിന്റെ പ്രയാണത്തിൽ വ്യതിചലനങ്ങൾ ഉണ്ടാകുന്നു. അത്തരം വ്യതിചലനങ്ങളായിട്ടുവേണം ഭൂകമ്പങ്ങളെയും പ്രളയത്തെയും ഉരുൾപൊട്ടലുകളെയും ചുഴലിക്കാറ്റുകളെയും മറ്റ് സമാന പ്രതിഭാസങ്ങളേയും നാം കാണുവാൻ. മനുഷ്യരുടെ തിന്മകളും രോഗങ്ങളും നാം പരിഹരിക്കുന്നതിന് പരിശ്രമിക്കുന്നതുപോലെതന്നെ പ്രപഞ്ചത്തിനുണ്ടാകുന്ന കെടുതികളേയും ഏറ്റെടുത്ത് പരിഹാരം കണ്ടെത്തുവാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള എല്ലാ പരിശ്രമങ്ങളിലും ദൈവപരിപാലനയിൽ ആശ്രയിച്ച് പ്രത്യാശയോടെ സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തനനിരതരാകേണ്ടവരാണ് നമ്മൾ. ക്രൈസ്തവവിശ്വാസം അതിന് നമുക്ക് ശക്തി പകരണം.

പ്രളയക്കെടുതിയിൽ സഭയുടെ എല്ലാ ഭാഗങ്ങളിലും നിന്നും ഉണ്ടണ്ടായ ദുരിതാശ്വാസപ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്. അവയെക്കുറിച്ച് നിങ്ങൾ ബോധവാന്മാരാണെന്നു ഞാൻ കരുതുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് കെ.സി.ബി.സി. നൽകിയ ഒരു കോടി രൂപയിൽ സീറോമലബാർ സഭയുടെ വിഹിതമായ 50 ലക്ഷം രൂപ നമ്മുടെ സാമൂഹ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ‘സ്പന്ദൻ’ വഴി ലഭിച്ച സംഭാവനയിൽനിന്നും നൽകിയിട്ടുണ്ട്. ബാക്കിയുള്ള തുക

മുഖ്യമന്ത്രിയുടെ ഫണ്ടിലേയ്ക്ക് നൽകുന്നതായിരിക്കും. ഇതിനു പുറമെ ഇപ്പോൾ ലഭ്യമായ കണക്കനുസരിച്ച് നൂറ്റി ഒൻപത് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി പതിനായിരത്തി മുന്നൂറ്റി എൺപത്തി നാല് (109,91,10,384) രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സീറോമലബാർ സഭയിലെ വിവിധ രൂപതകളും ഇടവകകളും മേജർ സെമിനാരികളും സന്യാസസമൂഹങ്ങളും അത്മായ സഹോദരങ്ങളും നിർവഹിച്ചിട്ടുണ്ടണ്ട്. ഇനിയും ഇരുന്നൂറിൽപരം കോടി രൂപയുടെ ദുരിതാശ്വാസ പദ്ധതികൾക്ക് വിവിധ രൂപതകളും സമർപ്പിത സമൂഹങ്ങളും പദ്ധതി തയ്യാറാക്കിയിട്ടുമുണ്ടണ്ട്. സഭാമക്കളുടെ കഠിനാധ്വാനവും കാരുണ്യപ്രവർത്തനങ്ങളും തുടർന്നും ഉണ്ടാകണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

എന്റെ യാത്രയും റോമിലെ ശുശ്രൂഷകളും ഫലപ്രദമായി നിർവഹിക്കുന്നതിനും നിങ്ങൾ എല്ലാവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.



കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

........................................

N.B. ഈ സർക്കുലർ ഒക്ടോബർ 7-ാം തീയതി ഞായറാഴ്ച ദേവാലയങ്ങളിൽ വായിക്കേണ്ടതാണ്. ഇതിന്റെ ഉള്ളടക്കം രൂപതകളുടെയും സമർപ്പിതസമൂഹങ്ങളുടെയും മറ്റ് പ്രസിദ്ധീകരണങ്ങളിലും നൽകുന്നതു നന്നായിരിക്കും.

*യുവജനസ്പന്ദനങ്ങൾ: 10*

# കൂട്ടത്തിൽ കുടുങ്ങാതെ, കൂട്ടായ്മയിൽ കുതിക്കുക!

ഒരു പുതിയ പാഠം പഠിപ്പിക്കുവാൻ അധ്യാപകൻ പത്ത് വിദ്യാർത്ഥികളെ ഒരുമിച്ചുകൂട്ടി. പത്തുപേരിൽ നിന്നും ഒൻപതു പേരെ മാറ്റി നിറുത്തിയിട്ട് അവരോടു പറഞ്ഞു: അടുത്ത ക്ലാസ് മുറിയിലെ ബോർഡിൽ രണ്ട് വരകൾ വരച്ചിട്ടുണ്ട്. ആദ്യത്തേതു ചെറുതും, രണ്ടാമത്തേതു വലുതും. എന്നാൽ ഏതാണു വലിയ വര എന്നു ചോദിക്കുമ്പോൾ നിങ്ങൾ ഒൻപതു പേരും ആദ്യത്തേത് എന്നു പറയണം. അധ്യാപകൻ പത്തുപേരെയും കൂട്ടി ക്ലാസ്മുറിയിലേക്കു പോയി. നിർദ്ദേശം കൊടുത്ത ഒൻപതു പേരെ ആദ്യം വിളിച്ച്, ഓരോരുത്തരോടുമായി ചോദിച്ചു: “ബോർഡിൽ ഏതാണ് വലിയ വര?” ഒൻപതുപേരും ശക്തമായി പറഞ്ഞു: “ആദ്യത്തേത്”. അവസാനം, നിർദ്ദേശം ലഭിക്കാത്ത പത്താമനോടു ചോദിച്ചു: “ഈ രണ്ടു വരകളിൽ ഏതാണ് വലിയ വര?” പത്താമൻ വീണ്ടും വീണ്ടും നോക്കിയപ്പോഴും, ഓരോരുത്തരും ഉത്തരം പറഞ്ഞപ്പോഴും രണ്ടാമത്തെ വരയാണു വലുതായി അവനു തോന്നിയത്. എങ്കിലും, ആദ്യത്തെ ഒൻപതുപേരും ആദ്യവര വലുതാണെന്നു പറഞ്ഞപ്പോൾ, രണ്ടാമത്തെ വരയാണു വലുതെന്നു പത്താമനു നല്ല ബോധ്യമുണ്ടായിട്ടും, ആദ്യം പറഞ്ഞവരിൽ എന്തെങ്കിലും സത്യം കാണും എന്നു വിചാരിച്ച് അവനും പറഞ്ഞു: “ആദ്യത്തെതാണ് വലിയ വര”. കൂട്ടത്തിന്റെ സ്വാധീനം മൂലം, സത്യം അറിഞ്ഞിട്ടും, സത്യം പറയാതെ, കൂട്ടത്തിൽ കുടുങ്ങി, തെറ്റിനെ അംഗീകരിക്കുന്നു. ആൾകൂട്ടത്തിൽ കുടുങ്ങാതെ, വ്യക്തിത്വം നഷ്ടപ്പെടുത്താതെ, ബോധ്യത്തിൽ ഉറച്ചുനിന്നു സത്യത്തെ പ്രഘോഷിക്കുവാനുള്ള ആർജവത്വമുണ്ടാകുമ്പോൾ, യുവതലമുറ നാടിന്റെ, നാട്ടുകാരുടെ അഭിമാനമാകും.


തിരുവചനത്തിന്റെ ഏടുകളിലൂടെ കടന്നു പോകുമ്പോൾ, ജനക്കൂട്ടത്തിന്റെ സ്വാധീനത്തിൽ കുടുങ്ങി, സത്യത്തെ കുഴിച്ചു മൂടിയ, വ്യക്തിത്വം നഷ്ടപ്പെടുത്തിയവരെ കാണുവാൻ കഴിയും. പുറപ്പാട് ചരിത്രത്തിൽ, മോശ മലയിൽ നിന്നിറങ്ങി വരാൻ താമസിച്ചപ്പോൾ ജനം അഹറോനു ചുറ്റും കൂടി പറഞ്ഞു: “ഞങ്ങളെ നയിക്കാൻ വേഗം ദേവന്മാരെ ഉണ്ടാക്കിത്തരുക”. അവരുടെ സമ്മർദ്ദത്തിനു വഴങ്ങി, അഹറോൻ യഹോവയെ മറന്നു കാളക്കുട്ടിയെ നിർമ്മിച്ച് അതിനു ബലിപീഠം നിർമ്മിച്ചു ബലിയർപ്പിച്ചു. അതിന്റെ അനന്തരഫലം പുറപ്പാടു പുസ്തകത്തിൽ നമ്മൾ വായിക്കുന്നുണ്ട് (പുറ. 32). കൂട്ടത്തിൽ കുടുങ്ങി യേശുവിന് ഓശാന പാടിയവർ തന്നെ, കൂട്ടത്തിൽ ചേർന്നു വിളിച്ചു പറഞ്ഞു:

"അവനെ ക്രൂശിക്കുക". കൂട്ടത്തെ ഭയന്നു, നിരപരാധിയാണെന്നറിഞ്ഞിട്ടും, പീലാത്തോസ് യേശുവിനെ ക്രൂശിക്കാൻ ഏൽപ്പിച്ചു കൊടുത്തു. എന്നാൽ, കൂട്ടത്തിന്റെ ശക്തിപ്രകടനത്തിനിടയിലും, സ്വാധീനതള്ളലിലും കുടങ്ങിപ്പോകാതെ സത്യത്തെ തിരിച്ചറിഞ്ഞവരാണു പീഡാസഹനപാതയിൽ ധീരതയോടെ യേശുവിന്റെ തിരുമുഖം തുടച്ച വേറോനിക്കായും, കുരിശു വഹിക്കാൻ യേശുവിനെ സഹായിച്ച ശിമയോനും, "ഈ മനുഷ്യൻ തീർച്ചയായും നീതിമാനായിരുന്നു" എന്നു വിളിച്ചു പറഞ്ഞ ശതാധിപനും, "ഇവൻ ഒരു തെറ്റും ചെയ്തിട്ടില്ല" എന്നു കുരിശിൽ കിടന്നു പ്രഘോഷിച്ച നല്ല കള്ളനും. ജനക്കൂട്ടം സത്യത്തെ അസത്യമാക്കി അവതരിപ്പിച്ചപ്പോഴും, സത്യത്തെ ക്രൂശിച്ചപ്പോഴും, തന്റേടമുള്ള, വ്യക്തിത്വമുള്ള, വ്യതിരിക്തതയുള്ള ഇവർ തീർച്ചയായും ദൈവരാജ്യത്തിന്റെ യഥാർത്ഥ പ്രഘോഷിതരാണ്, സാക്ഷികളാണ്.

ഇന്നു പലരും വാട്സാപ്പ് കൂട്ടത്തിലും, ഫെയ്സ്ബുക്ക് കൂട്ടത്തിലും കുടുങ്ങികിടക്കുന്നതുകൊണ്ടു, സത്യം കണ്ടെത്താൻ കഴിയാതെ വരുന്നു. കണ്ടെത്തിയാൽ പോലും അതു വിളിച്ചോതാൻ ഭയപ്പെടുന്നു. കുളത്തിൽ ചന്ദ്രന്റെ പ്രതിബിംബം വ്യക്തമായി കാണണമെങ്കിൽ വെള്ളം തെളിഞ്ഞതായിരിക്കണം, ശാന്തമായിരിക്കണം. കലക്കവെള്ളത്തിലും അലയടിയുള്ള സമയത്തും ഒന്നും വ്യക്തമായി കാണുവാൻ കഴിയില്ല. സത്യം കണ്ടെത്തണമെങ്കിൽ തെളിമയുള്ളവരുടെ കൂട്ടായ്മയിൽ ജീവിക്കണം. വികാരങ്ങൾക്കടിമപ്പെട്ടു മുൻവിധിയോടെ ബഹളം വയ്ക്കുന്നവരുടെ കൂട്ടത്തിൽ ജീവിച്ചാൽ സത്യത്തെ തിരിച്ചറിയാനാവില്ല. കൂട്ടത്തിനു ലക്ഷ്യമുണ്ടെങ്കിലും അതു താൽകാലികമാണ് എന്നു മാത്രമല്ല സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടിയുള്ളതാകണമെന്നില്ല. സ്നേഹത്തിന്റെ, കാരുണ്യത്തിന്റെ, നന്മയുടെ കൂട്ടായ്മയിലാണു ശാന്തതയുള്ളത്, അവിടെയാണു സത്യം കണ്ടെത്താനായിട്ടു സാധിക്കുന്നതും. പ്രളയദുരന്തകാലത്തു അത്തരത്തിലുള്ള നന്മയുടെ കൂട്ടായ്മയിലാണു രക്ഷാപ്രവർത്തനവും, പുനരധിവാസപ്രവർത്തനങ്ങളും ജാതി-മത-രാഷ്ട്രീയ അതിർവരമ്പുകളെ അതിലംഘിച്ചു ഒരു സ്നേഹവസന്തം കേരളത്തിൽ സൃഷ്ടിച്ചത്. സമൂഹത്തിലും സഭയിലും കൂട്ടത്തിന്റെ അതിശക്തിപ്രകടനം നടക്കുമ്പോൾ, സത്യത്തിന്റെ, സ്നേഹത്തിന്റെ, കാരുണ്യത്തിന്റെ കൂട്ടായ്മയിൽ ജീവിക്കുന്നവർക്കു മാത്രമെ കൂട്ടത്തിന്റെ ബഹളത്തിൽ നിന്നും ധൈര്യപൂർവം മാറി നിന്നു, സക്കേവൂസിനെപ്പോലെ ആത്മീയതയുടെ സിക്കമൂർ മരത്തിൽ കയറി നിന്നു സത്യം കണ്ടെത്തി ആശ്ലേഷിക്കാനാവു. കൂട്ടത്തിന്റെ കുടുക്കിൽ പെട്ടെന്നു അകപെടുന്ന യൗവനകാലത്തിൽ, ഒരേ ആത്മാവും ഒരേ ഹൃദയവുമുള്ള സ്നേഹകൂട്ടായ്മയിൽ വളർന്നു സത്യത്തിന്റെ വെളിച്ചത്തിൽ ജീവിതം നയിക്കുവാൻ നമ്മുടെ യുവജനങ്ങൾക്കു സാധിക്കുന്നതിനു വേണ്ടി ഈ യുവജനവർഷത്തിൽ നമുക്കു പ്രത്യേകം പ്രാർത്ഥിക്കാം.

**ജോസ് പിതാവ്**

# പിതാക്കന്മാരുടെ ശുശ്രൂഷകൾ



## Mar George Cardinal Alencherry
**Archbishop**

### OCTOBER 2018

| | |
|---|---|
| **October 1 - November 3** | **Rome** |



## Mar Jacob Manathodath
**Apostolic Administrator**

### OCTOBER 2018

| | | | |
|---|---|---|---|
| 1 - 2 | | Palakkad | |
| 5 | am | Konthuruthy | 61st Death Anniversary of Ven. Fr. Varghese Payappilly |
| 6 | | Palakkad | |
| 7 | am | Basilica, Ekm. | Holy Mass |
| 11 - 12 | | Palakkad | |
| 14 | pm | Chakkarakadavu | Holy Mass |
| 17 - 20 | | Palakkad | |
| 25 | am | Mount St.Thomas | |
| 28 | am<br>pm | Mattoor<br>Sebipuram | Holy Mass<br>Holy Mass |
| 29 - 31 | | Palakkad | |



## Mar Sebastian Adayanthrath

**Auxiliary Bishop**

## OCTOBER 2018

| | | | |
|---|---|---|---|
| 1 | pm | Sathyadeepam | Meeting |
| 2 | am | Vijobhavan | Holy Mass |
| 4 | am | Bishop's House | Board Meeting - Naipunnya School of Management |
| | pm | Basilica, Ekm. | Holy Mass |
| 5 | pm | Vellarappilly | Message - Popular Mission |
| 6 | am | Devagiri | Holy Mass & Meeting |
| | pm | Kanjoor | Vivahotsav |
| | | Vallam | Vivahotsav |
| 7 | am | S.H. Seminary | Holy Mass & Parents' Meeting |
| | pm | Subodhana | Symposium Inauguration & Award Distribution |
| 8 | pm | Renewal Centre | Meeting - Mahajubilee Trust |
| 9 | am | Achinakom | Holy Mass |
| 11 | am | Ponnurunni | Home Day |
| 12 | pm | Anappara | Holy Mass & Flag Hoisting |
| 13 | am | Koonammavu | Holy Mass - St. Teresa's Convent |
| | pm | Basilica, Ekm. | Women Welfare - Zonal Programme |
| | | Munoorppilly | Baptism, 4th Child |
| | | P.O.C. | Meeting - Labour Movement |
| 14 | pm | Pachalam | Holy Mass & Catechism Meeting |
| | | Muttom | Holy Mass & Meeting |
| 17 | am | Mallussery | Synaxis - Sadhu Sevana Sabha |
| 18 | am | Renewal Centre | Prathibha Vikas |
| 20 | pm | Thrikkakara | First Profession - Leuca Sisters |
| 21 | am | Narakkal | Youth Retreat - Message |
| | pm | Thumpanassery | Holy Mass & Parish Feast |
| 22 | am | Edakunnu | Marriage Blessing |
| 24 -25 | | Thalassery | Seminary Visit |
| 27 | am | Malayatoor | Holy Mass - Jubilee of Fr. Stephen Kandathil |

| | | | |
|---|---|---|---|
| 28 | am | Mangalassery | Jubilee - Meeting - Inauguration |
| | pm | Mookkannoor | Alive |
| | | Kaippattoor | Holy Mass & Parish Feast |

## NOVEMBER 2018

| | | | |
|---|---|---|---|
| 2 | am | Basilica, Ekm. | Holy Mass at Cemetery |
| | pm | Puthenpally | Message, Popular Mission |
| 3 | pm | Cherthala | Vivahotsav |
| | | Pallippuram | Vivahotsav |
| 4 | pm | Pulluvazhy | Alive |
| | | Vathakkad | Holy Mass & Blessing |
| 5 | am | Kavil | Marriage Blessing |
| | pm | Bishop's House | Board Meeting - Naipunnya International |
| 6 | pm | Angamaly | Profession, F.C.C. Sisters (St. Hormis Church) |
| 7 | am | Bishop's House | Board Meeting - Mar Louis |
| | pm | Bishop's House | Board Meeting - Naipunnya, Kochi |
| 8 | | Aiswaryagram | S.A.F.P. Meeting |
| 9 | am | Bishop's House | Board Meeting - Viani Printings |
| | pm | Bishop's House | Board Meeting - Naipunnya Edakunnu |
| 10 | am | Puthiyakavu | Bethothal |
| | pm | Koratty | Vivahotsav |
| | | Karukutty | Vivahotsavs |



## Mar Jose Puthenveettil

**Auxiliary Bishop**

## OCTOBER 2018

| | | | |
|---|---|---|---|
| 1 | am | Chethicode | Saukyasadan - Holy Mass |
| | pm | Angamaly | L.F. Hospital - Meeting |
| 2 | am | Edappally | Holy Mass |
| | pm | Pulluvazhy | Holy Mass |
| | | Thottumugham | Holy Mass - C.S.T. Seminary |

| | | | |
|---|---|---|---|
| 3 | | Bishop's House | Department Meeting |
| 4 | pm | Elamkulam | Flag Hoisting, Adoration Conclusion Message |
| 5 | | Bishop's House | Department Meeting |
| 6 | pm | Aluva | School Anniversary (Jyothi Nivas) |
| 7 | am | Renewal centre | Meeting - Vincent De Paul |
| 8 | | Bishop's House | Department Meeting |
| 9 | | Bishop's House | Department Meeting |
| 10 | am | Bishop's House | Department Meeting |
| | pm | Vimalagiri | Holy Mass & Rosary Conclusion |
| 11 | am | Bishop's House | Department Meeting |
| | pm | Ponnurunni | Welfare Service - Home Day |
| 12 | | Bishop's House | Department Meeting |
| 13 | am | Thellakam | Minor & Major Orders |
| | pm | Vivahotsav | Edappally |
| | | Vivahotsav | Kizhakkambalam |
| 14 | pm | Majapra | Alive |
| 15 | | Bishop's House | Department Meeting |
| 16 | | Bishop's House | Department Meeting |
| 17 | am | Bishop's House | Department Meeting |
| | pm | S.H. Seminary | Class |
| 18 | am | Edappally | Teachers' Meet |
| | pm | Basilica, Ekm. | Marriage Blessing |
| 19 | am | Aluva | Holy Mass - Nazarath Ashram |
| 20 | pm | Ernakulam | Vivahotsav |
| | | Parur | Vivahotsav |
| 21 | pm | Kindangoor | Alive |
| 25 | pm | Kaloor | Meeting - Lumen |
| 27 | pm | Thrippunithura | Vivahotsav |
| | pm | Vaikom | Vivahotsav |
| 31 | pm | S.H. Seminary | Class |

## NOVEMBER 2018

| | | |
|---|---|---|
| 01 - 12 | Diocese of Diphu | Mission Visit |

C29/2018/2132 September 27, 2018

**Constitution of an Independent Committee of Inquiry into the Economic and Financial Management of the Archeparchy of Ernakulam-Angamaly**

Subsequent to my appointment as the Apostolic Administrator of the Archeparchy of Ernakulam-Angamaly, the Congregation for the Oriental Churches, Rome issued certain instructions to me to facilitate my mission. A copy of the letter of the Congregation is sent herewith.

I am asked, among other things, "to engage an independent company to conduct an audit of the economic and financial management of the Archeparchy of Ernakulam-Angamaly in recent years" and to send its "results in a confidential manner to the Apostolic See".

I hereby constitute a committee for the purpose, consisting of the following members.

1. Dr. Joseph Injodey, Executive Director, Rajagiri College of Social Sciences, Kalamassery
2. Dr. Sam Thomas, Professor, School of Management Studies, Cochin University of Science and Technology
3. Adv. Abraham K. John, Senior Civil Advocate, High Court (Chethicode)
4. Mr. C.J. Romid, Chartered Accountant, Palackal Court, Ernakulam
5. Rev. Dr. Gerorge Areeckal C.Ss.R., D.C.L., Nithya Sahaya Bhavan, Chowara

I thank you sincerely for accepting my invitation to be a member of the Committee. Dr. Joseph Injodey has been nominated the Convener of the committee. Please find here below the terms of reference:

1. To do a thorough audit of the economic and financial transactions that have occurred at the Finance Office of the Archeparchy of Ernakulam-Angamaly in the period from April 01, 2013 to March 31, 2018.
2. To verify all the aspects of the land deals during the period and to find out whether there have been unauthorized, undisclosed and unaccounted deals of properties.

3. To prepare measures to overcome the financial crisis. These measures may include options to settle the existing debts, even by opportune sales, as suggested in the letter addressed to me.
4. To develop a sound financial plan to manage the financial operations of the Archdiocese in future. Please observe strict secrecy throughout the enquiry.

I would appreciate very much if you would complete your mission by the end of this year.

Thanking you for your cooperation,

Yours sincerly in our Lord,

+ Manathodath

**+ Bishop Jacob Manathodath**
Apostolic Administrator
Archeparchy of Ernakulam-Angamaly

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

## കച്ചേരിക്കാര്യം

### ഇൻകം ടാക്സ് ആക്ട്, സെക്ഷൻ 12A

ഇൻകം ടാക്സ് ആക്ട്, സെക്ഷൻ 12A യിൽ നിലവിൽ വന്ന ഭേദഗതി അനുസരിച്ച് 12A രജിസ്ട്രേഷനുള്ള പള്ളികളും സ്ഥാപനങ്ങളും 2017 -18 സാമ്പത്തിക വർഷം മുതലുള്ള കണക്കുകൾ ഓഡിറ്റ് ചെയ്ത് സെപ്റ്റംബർ 30-നകം ഇൻകം ടാക്സ് റിട്ടേണും ഓഡിറ്റ് റിപ്പോർട്ടും ഓൺലൈൻ ആയി ആദായ നികുതി വകുപ്പിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കകം റിട്ടേൺ സമർപ്പിച്ചില്ലെങ്കിൽ നികുതി ഇളവ് ലഭിക്കുകയില്ല. പള്ളിയുടെ മുഴുവൻ വരുമാനത്തിനും നികുതി കൊടുക്കേണ്ടി വരും. റിട്ടേൺ സമർപ്പിക്കുന്നതിനുള്ള സമയപരിധി **2018 ഒക്ടോബർ 15** വരെ നീട്ടിയിട്ടുണ്ട്. ഇനിയും റിട്ടേൺ സമർപ്പിച്ചിട്ടില്ലാത്തവർ ഈ അവസരം പ്രയോജനപ്പെടുത്തി, ഭാരിച്ച നികുതി ബാദ്ധ്യത ഒഴിവാക്കണമെന്ന് താല്പര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അതിരൂപതാ ഫിനാൻസ് ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. സെബാസ്റ്റ്യൻ മാണിക്കത്താൻ**
**ഫിനാൻസ് ഓഫീസർ**

## സാക്ഷ്യത്തിനായ്

- കഴിഞ്ഞ രണ്ടു മാസങ്ങളായി നമ്മുടെ എല്ലാ ഇടവകകളും സ്ഥാപനങ്ങളും മനുഷ്യകേന്ദ്രീകൃതമായ പുനരധിവാസപ്രവർത്തനങ്ങളുമായി സജീവ പ്രവർത്തനത്തിലാണ്. മാനവശേഷി വികസനം ഇടവകകളുടെ മുഖ്യ അജണ്ടയിലേക്കു കടന്നുവരുന്നു. ആളുകൾ ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നതിന്റെ ആഹ്ലാദവും, അവർക്കു നേതൃത്വം നൽകുന്നതിന്റെ ഇടയ നേതൃത്വശൈലിയും വികസിതമായി വരുന്നു. നമ്മുടെ ചെറുപ്പക്കാർ കൂട്ടമായി ഇടവക പ്രവർത്തനങ്ങളിലേക്കു മടങ്ങിയെത്തിയത് നാം കണ്ടു. ഇതിന്റെ ചുവടുപിടിച്ച്, മാനവശേഷി വികസനത്തെക്കുറിച്ച് ഇടവക കാര്യമായി ചിന്തിക്കുകയും അവയെ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും വേണം.

- പ്ലാസ്റ്റിക് കൊണ്ട് നിർമ്മിച്ച ഒത്തിരിയേറെ പ്രതിമകൾ, പൂക്കൾ എന്നിവ മറ്റു രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നുണ്ട്. അവയിൽ പലതും സമ്മാനങ്ങളായി വാങ്ങിക്കൊടുക്കുന്ന പതിവും നമ്മുടെ ഇടയിൽ ആരംഭിച്ചിട്ടുണ്ട്. അവ പലതും പരിസ്ഥിതിക്ക് നാശം വരുത്തുന്നു എന്നു മാത്രമല്ല, ആരോഗ്യത്തിന് ഹാനികരവുമാണ്. ഈ വിഷയം നമ്മുടെ കുടുംബയൂണിറ്റുകളിൽ ചർച്ച ചെയ്ത് ശരിയായ ഒരു ബോധവത്കരണം നടത്തുകയും, അവയ്ക്കുപകരമായി, സ്റ്റീൽ പാത്രങ്ങൾ, കപ്പുകൾ, എന്നിവ സമ്മാനമായി വാങ്ങികൊടുക്കുന്ന പതിവ് ആരംഭിക്കാവുന്നതുമാണ്.

- മഠങ്ങളിൽ താമസിച്ച് സേവനം ചെയ്യുന്ന സന്ന്യാസിനികളെക്കുറിച്ച് വചനപ്രഘോഷണസമയത്തും, അല്ലാതെയും ആദരവോടെ സംസാരിക്കുന്ന ഒരു സംസ്കാരം എല്ലാ വിശ്വാസികളും വളർത്തിയെടുക്കുവാൻ നിരന്തരമായ പരിശ്രമങ്ങൾ ഉണ്ടാകണം. അങ്ങനെ സംഭവിക്കുമ്പോഴേ, സന്ന്യാസിനീ ദൈവവിളികൾ വർദ്ധിക്കുകയുള്ളൂ. ദൈവവിളി സ്വീകരിച്ച് മുന്നേറുന്ന കുട്ടികൾ ഇടവകയിൽ വരുമ്പോൾ, അവരെക്കുറിച്ച് പരാമർശിക്കുന്നതും, അവരെ പരിചയപ്പെടുത്തുന്നതും, അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുന്നതും മഹനീയമായ ചുവടുവയ്പുകളാണ്.

**സെബാസ്റ്റ്യൻ പിതാവ്**

# Transfers/Appointments

## August 2018

### Rev. Fathers

| | |
|---|---|
| Kombanamkunnel Shaiju ALCP/OSS | Prasadagiri |
| Neeruvelil Roy CFIC | Kavaraparambu Asst. |
| Pezhumthottathil Shibu Joseph ALCP/OSS | Relieved - Prasadagiri |

## September 2018

| | |
|---|---|
| Ambooken Paul (Jeny) | Karayamparambu |
| Azhakedath James VC | Thottuva |
| Chulliyil Ignatius | Leave (Resi. Edakkunnu Priests' Home) |
| Kalathiparambil Kuriakose (Juby) | Sathyadeepam - Managing Director |
| Kallungal Sebastian (Sen) | Periyarmugham + BMC - Choondy (Asst. Exe. Director) |
| Kandathil Joseph (Biju) | Karumalloor |
| Kaniamparambil Joseph | Kanjoor |
| Kattakayam Kurian | Kuthiathode North (New) |
| Kidangan Kuriakose (Subin) | Prasadagiri |
| Kombanamkunnel Shaiju ALCP/OSS | Attara |
| Kunnekkadan Paul (Stenny) | Ayyampuzha |
| Menacherry Antony CMI | Karukutty Monastery |
| Nariculam Antony Msgr. | S.H. Minor Seminary - Rector + Vijo Bhavan - Director |
| Padickaparambil Varghese (Savy) | Santhipuram |
| Palatty Varghese (Sr.) | Keechery |
| Puthenpurackal Varghese (Sherin) | Naipunnya - Cherthala (Addl.) |
| Thiruthanathil Peter | Padamugal (Addl.) |
| Valavi Joseph | Leave (Resi. Vijo Bhavan) |
| Vattoly Joseph | Nettinampilly |
| Chirapanath Antony | Relieved - L.F. Hospital - Angamaly |
| Moonjely Augustine (Anu) | Relieved - Jeevalaya Programme Co-ordinator |
| Mannezhath Antochan CMI | Relieved - Karukutty Monastery |
| Mukalayil Abraham VC | Relieved - Keechery |
| Perumayan Varghese (Biju) | Relieved - Padamugal |
| Pottackal Varghese (Joshy) | Relieved - Kanjoor |

**Chancellor**

# സഹൃദയ കാരുണ്യപ്രവാഹം

കേരളത്തെയൊന്നാകെ ദുരിതത്തിലാക്കിയ പ്രളയനാളുകളിൽ നിന്ന് അതിജീവനത്തിന്റെ പുതുപുലരികളിലേക്കു നാം പ്രത്യാശയോടെ സഞ്ചരിക്കുകയാണല്ലൊ. പ്രളയ ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങളിൽ വിവിധ തലങ്ങളിൽ കൈകോർക്കുന്ന നമ്മുടെ അതിരൂപതയിലെ, വികാരിയച്ചന്മാർ, സന്യാസിനീസന്ന്യാസിമാർ, അല്മായ സഹോദരങ്ങൾ, സ്ഥാപനങ്ങൾ എന്നിവരോടുള്ള നന്ദിയും കടപ്പാടും ഒരിക്കൽക്കൂടി അറിയിക്കട്ടെ.

നമ്മുടെ അതിരൂപതയുടെ സാമൂഹ്യപ്രവർത്തനവിഭാഗമായ സഹൃദയയോടു ചേർന്നു വലിയ തോതിലുള്ള ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങളാണ് നാം ഇതുവരെ നടത്തിയതും നടത്തിക്കൊണ്ടിരിക്കുന്നതും. അഭിമാനകരമായ രീതിയിലുള്ള പങ്കാളിത്തവും സഹകരണവുമാണ് നമ്മുടെ പ്രവർത്തനങ്ങൾക്കു ലഭിച്ചുകൊണ്ടിരിക്കുന്നത്. അവസരത്തിനൊത്തുയർന്ന നമ്മുടെ ഒരുമിച്ചുള്ള പ്രവർത്തനം ഒട്ടേറെ ജീവനുകൾക്കും ജീവിതങ്ങൾക്കും അതിജീവനത്തിലേക്കുള്ള അത്താണിയായി മാറിയെന്ന് അനുഭവങ്ങളും പ്രതികരണങ്ങളും സാക്ഷ്യപ്പെടുത്തുന്നുണ്ട്.

## ഇതുവരെ

2018 ജൂലൈ മുതൽ ആരംഭിച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സന്യാസിനിസന്യാസ സഭകളിൽ നിന്നും മറ്റ് സാമൂഹ്യ സംഘടനകളിൽ നിന്നും വളരെ വലിയ സഹായം എത്തുകയുണ്ടായി. സംഭാവനകളും സാമ്പത്തിക വാഗ്ദാനങ്ങളുമായി 11,99,26,313 രൂപയും 4,25,03,115 രൂപയുടെ ഭക്ഷ്യപദാർത്ഥങ്ങളും 4,16,97,957 രൂപയുടെ മറ്റ് അവശ്യവസ്തുക്കളും 2,47,50,000 രൂപയുടെ മറ്റ് സംഘടനകളിൽ നിന്നുള്ള സഹായവും 1,97,30,400 രൂപയോളം വരുന്ന മനുഷ്യ വിഭവശേഷി പ്രവർത്തനങ്ങളും ഉൾപ്പെടെ 24,86,07,785 രൂപയുടെ പ്രവർത്തനങ്ങളാണ് അതിരൂപത ഇക്കാലഘട്ടത്തിൽ നടപ്പാക്കിയത്.

വൈക്കം, ചേർത്തല, കുട്ടനാട് മേഖലകളിൽ പ്രളയ ദുരിതബാധിതർക്ക് സഹായമെത്തിച്ചു. ഇവിടെ 23 പള്ളികൾ വഴി ആറായിരത്തോളം കുടുംബങ്ങൾക്ക് ഭക്ഷണം, വസ്ത്രം, മരുന്നുകൾ എന്നിവ നൽകി.

കുട്ടനാട്ടിലേക്ക് ആലപ്പുഴ രൂപതയുടേയും ചങ്ങനാശേരി അതിരൂപതയുടേയും സാമൂഹ്യ പ്രവർത്തനവിഭാഗങ്ങൾ വഴി ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ, വീട്ടുപകരണങ്ങൾ, മറ്റ് നിത്യോപയോഗ സാധനങ്ങൾ എന്നിവ പല തവണകളായി നൽകി. കൂടാതെ വരാപ്പുഴ അതിരൂപത, കോട്ടപ്പുറം, ഇരിങ്ങാലക്കുട രൂപതകളിലെ ദുരിതാശ്വാസ ക്യാമ്പുകളിലേക്കും സഹായം എത്തിച്ചു. സഹൃദയ ടീം, ഇടവകകൾ, വിവിധ സംഘടനകൾ തുടങ്ങിയവരും സഹായമെത്തിച്ചു. വോളണ്ടിയർമാർക്കൊപ്പം വാഹനങ്ങൾ, ബോട്ടുകൾ എന്നിവയും രക്ഷാപ്രവർത്തനങ്ങൾക്കായി ക്രമീകരിച്ചു.

- എറണാകുളം ജില്ലയിൽ ചേരാനല്ലൂർ, പുത്തൻവേലിക്കര, കുന്നുകര പ്രദേശങ്ങളിൽ തൃപ്പൂണിത്തുറ, പെരുമാനൂർ പോലുള്ള ഇടവകകളുടെ സഹായത്തോടെ ആദ്യഘട്ടത്തിൽ ഭക്ഷ്യവസ്തുക്കൾ എത്തിച്ചു.

- ദുരിതബാധിതരെക്കുറിച്ചുള്ള അറിയിപ്പുകൾ നൽകി ഇടവകകളിൽ നിന്നു വിഭവസമാഹരണം നടത്തി.

- സഹൃദയ പ്രത്യേക ദുരിതാശ്വാസ നിധിക്ക് രൂപം നല്കി. ദുരിതാശ്വാസ സംബന്ധമായ ഇടപാടുകൾക്ക് പ്രത്യേക അക്കൗണ്ട് ആരംഭിച്ചു.

- ദുരിതാശ്വാസ, രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ, പൊന്നുരുന്നിയിലും സുബോധനയിലും മറ്റു പന്ത്രണ്ടിടങ്ങളിലുമായി കേന്ദ്രങ്ങൾ തുറന്നു. ഭക്ഷണപദാർത്ഥങ്ങൾ, മരുന്നുകൾ മറ്റ് അത്യാവശ്യ വസ്തുക്കൾ എന്നിവ ശേഖരിക്കുന്നതിനും ആവശ്യമനുസരിച്ച് നല്കുന്നതിനും ഇവിടെ സൗകര്യമൊരുക്കി. സോഷ്യൽ മീഡിയയും അനുബന്ധ സൗകര്യങ്ങളും ദുരിതാശ്വാസപ്രവർത്തനരംഗത്ത് ആശയവിനിമയം വേഗത്തിലാക്കി.

- ഇടവക പള്ളികളിലും മറ്റു സ്ഥാപനങ്ങളിലും ആവശ്യമനുസരിച്ച് എണ്ണൂറിലേറെ ദുരിതാശ്വാസ കേന്ദ്രങ്ങൾ തുറന്നു. രണ്ടു ലക്ഷത്തിലേറെ പേർക്ക് അഭയം നല്കി. ഇവിടേക്കു സമീപ ഇടവകകൾ, സംഘടനകൾ തയ്യാറാക്കിയ ഭക്ഷണവും (ഏകദേശം ഒരു ലക്ഷത്തിലധികം കിറ്റുകൾ) മറ്റ് ഭക്ഷ്യ വസ്തുക്കളും എത്തിച്ചു. ആവശ്യമുള്ളിടത്തു മെഡിക്കൽ സഹായം എത്തിച്ചു.

- സ്ഥിതിഗതികൾ വിലയിരുത്താനും മാർഗനിർദേശങ്ങൾ നൽകാനും അതിരൂപതാ, മേഖലാ തലങ്ങളിൽ ഫൊറോനാ വികാരി

മാർ, ഫൊറോന ഡയറക്ടർമാർ, ഇടവക വികാരിമാർ, സന്യാസ സഭകളുടെ പ്രതിനിധികൾ, കൈക്കാരന്മാർ, വൈസ് ചെയർ മാൻമാർ, സംഘടനാ ഭാരവാഹികൾ എന്നിവരുടെ യോഗങ്ങൾ വിളിച്ചുചേർത്തു.

- അഡോപ്റ്റ് എ ഫാമിലി/വില്ലേജ്, ഫാമിലി കിറ്റ് വിതരണം, ശുചീകരണ പ്രവർത്തനം, വീടുകളുടെയും മറ്റും കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള സഹായം, ഇടവകതലസമിതി രൂപീകര ണം, ഇടവകതല കോ-ഓർഡിനേറ്റർമാരെ നിയോഗിക്കൽ എന്നിവ നടന്നു.
- കുടുംബ യൂണിറ്റ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ വീടുകൾ തോറും കൗൺസിലിംഗ് പരിപാടികൾ തുടരുന്നുണ്ട്. ഇതിനു സമർ പ്പിതരും കൗൺസലിംഗ് വിദഗ്ധരും നേതൃത്വം നൽകുന്നു.
- വിദഗ്ധ തൊഴിലാളികളെ ഉപയോഗിച്ച് പ്രളയബാധിത മേഖലക ളിൽ ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ നടത്തി. പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച തയ്യൽമെഷീനുകൾ പ്രവർത്തനക്ഷമ മാക്കുന്നതിന് ഉഷ ഇന്റർനാഷണലിലെ വിദഗ്ധരുടെ മേൽ നോട്ടത്തിൽ എട്ടു വില്ലേജുകളിൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇരുനൂറിലേറെ മെഷീനുകളാണ് കേടുപാടുകൾ പരിഹരിച്ചു നൽ കിയത്.
- കർണാടക, പൂനൈ, ആന്ധ്രാ പ്രദേശ്, തമിഴ്നാട് എന്നിവിടങ്ങ ളിൽ നിന്നുമുള്ള സന്നദ്ധ പ്രവർത്തകരുടെ സേവനം സഹൃദയ ഏകോപിപ്പിച്ചു.
- പ്രളയദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് പ്രത്യേക ആശ്വാസധനം നല്കി.
- കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ മേഖലാതലത്തിൽ ഭിന്നശേഷിയുള്ളവർക്കായി ആയിരം ഫാമിലി കിറ്റുകൾ വിതരണം ചെയ്തു.

## 'നാം ഒന്നായ്' പദ്ധതി – 'അഡോപ്റ്റ് എ പാരിഷ്'

'നാം ഒന്നായ്' പദ്ധതി- അഡോപ്റ്റ് എ പാരിഷ് പദ്ധതിക്കായി സന്നദ്ധരായ ഇടവകകളേയും സന്യാസ സമൂഹങ്ങളേയും കണ്ടെത്തി ദുരിതബാധിത ഇടവകകളുമായി ബന്ധപ്പെടുത്തിയുള്ള പ്രവർത്തന ങ്ങൾക്കു വലിയ സ്വീകാര്യതയും സഹകരണവുമാണു ലഭിച്ചത്. ഇതുവ

രെ അമ്പതോളം ഇടവകകളും ഒമ്പതു സന്യാസ സമൂഹങ്ങളും നാല് സ്ഥാപനങ്ങളും പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. ഇവയുടെ പേരുവിവരങ്ങൾ താഴെ പറയുന്നു.

ഇടവകകൾ: അകപ്പറമ്പ്, അങ്കമാലി ബസിലിക്ക, കാർഡിനൽ നഗർ, ചേരാനല്ലൂർവെസ്റ്റ്, ചെത്തിക്കോട്, ചൂണ്ടി, എടക്കുന്ന്, ഇടപ്പള്ളി, എളമക്കര, എളംകുളം, എറണാകുളം ബസിലിക്ക, ഇരുമ്പനം, കടവന്ത്ര, കാക്കനാട്, കാരണക്കോടം, കാഞ്ഞൂർ, കീച്ചേരി, കിഴക്കമ്പലം, കുമ്പളം, കൂവപ്പാടം, കോന്തുരുത്തി, കോക്കുന്ന്, കോനൂർ, കോലഞ്ചേരി, മരുത്തോർവട്ടം, മൂക്കന്നൂർ, മുട്ടത്തിപ്പറമ്പ്, മുട്ടം, ഞാലൂക്കര, പടമുഗൾ, പള്ളുരുത്തി, പാലാരിവട്ടം, പാലൂത്തറ, പാണാവള്ളി, പെരുമാനൂർ, പൂണിത്തുറ, പുതിയകാവ്, സ്രാമ്പിക്കൽ, തിരുവാങ്കുളം, തിരുമുടിക്കുന്ന്, തുറവൂർ നോർത്ത്, തുറവൂർ സൗത്ത്, തൃക്കാക്കര, തൃപ്പൂണിത്തുറ, ഉദയംപേരൂർ കൊച്ചുപള്ളി, വാതക്കാട്, വാഴക്കാല, വെണ്ണല, വൈറ്റില.

സ്ഥാപനങ്ങൾ: ഭാരതമാതാ കോളജ്, ലിസി ഹോസ്പിറ്റൽ, റിന്യൂവൽ സെന്റർ, സുബോധന

സന്യാസ സമൂഹങ്ങൾ: സി.എം.ഐ., എം.സി.ബി.എസ്., പള്ളോട്ടൈൻ, സി.എസ്.എസ്.ആർ., എഫ്.സി.സി., എസ്.എ.ബി.എസ്, സി.എം.സി, എസ്.ഡി, എം.എസ്.ജെ., ക്ലരിഷ്യൻ കോൺഗ്രിഗേഷൻ.

കാരിത്താസ് ഇന്ത്യയും ഫരീദാബാദ്, ഷാന്ദ രൂപതകളും *'നാം ഒന്നായ്'* പദ്ധതിയുമായി കൈകോർക്കുന്നുണ്ട്. ഇനിയും കൂടുതൽ ഇടവകകളും സ്ഥാപനങ്ങളും സന്യാസസമൂഹങ്ങളും പദ്ധതിയോടു സഹകരിക്കാനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നത് സന്തോഷകരമാണ്. സഹൃദയയുടെ ലൈറ്റ് എ ലൈഫ് - 'അഡോപ്റ്റ് എ ഫാമിലി' പദ്ധതിയും കൂടുതൽ ഊർജിതമായി മുന്നോട്ടുപോകുന്നു.

## 'പ്രകൃതിവിചാരം'

പ്രളയത്തിൽ വൃത്തിഹീനമായ പൊതുസ്ഥലങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കു നാം തുടക്കമിട്ടതു പൊതുസമൂഹത്തിൽ മികച്ച പ്രതികരണമുണ്ടാക്കി. 'പ്രകൃതിവിചാരം' എന്ന പേരിൽ നാം തുടക്കമിട്ട ശുചീകരണ പ്രവർത്തനങ്ങൾക്കു സന്നദ്ധ സംഘടനകളുടെയും സഹകരണം ലഭിക്കുന്നുണ്ട്. ബസ് സ്റ്റോപ്പുകൾ, വായനശാലകൾ, വഴിയോരങ്ങൾ, മറ്റു പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിലാണ് 'പ്രകൃതി

വിചാരം' പദ്ധതി നടന്നുവരുന്നത്. ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2-ാം തീയതി പൊതുസ്ഥലങ്ങളിലെ ശുചീകരണ, സന്നദ്ധപ്രവർത്തനങ്ങൾക്കു നാം പ്രത്യേകമായി മുന്നിട്ടിറങ്ങുകയാണ്.

## ഇനി

അഭിവന്ദ്യ പിതാക്കന്മാർ ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾക്കു സമ്പൂർണമായ പിന്തുണ നൽകിവരുന്നുണ്ട്. നമ്മുടെ പ്രവർത്തനമേഖലകളിലേക്കു നേരിട്ടെത്തി പ്രോത്സാഹനവും മാർഗനിർദേശങ്ങളും നൽകാൻ പിതാക്കന്മാർ പുലർത്തുന്ന താത്പര്യം അതീവ സന്തോഷത്തോടെ സ്മരിക്കുന്നു.

ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾ നാം തുടരുകയാണ്. ഇനിയും നമ്മുടെ കരുതലിന്റെയും കാരുണ്യത്തിന്റെയും കരങ്ങൾ എത്തേണ്ട കുടുംബങ്ങളും പ്രദേശങ്ങളുമുണ്ട്. 'നാം ഒന്നായ്' പദ്ധതിയുടെ ഭാഗമായി സഹായമർഹിക്കുന്ന ഇടവകകൾ ഇനിയുമുണ്ട്. നമ്മുടെ അതിരൂപതയുടെ കൂട്ടായ്മയുടെയും നന്മയുടെയും സാമൂഹ്യ സാക്ഷ്യമായി 'നാം ഒന്നായ്', 'പ്രകൃതിവിചാരം' പദ്ധതികൾ മാറണം.

നാം അവിശ്രമം നിരന്തരം കർമരംഗത്താണ്. നാടിന്റെ പുനർനിർമാണ പ്രക്രിയയിൽ ഭരണകൂടത്തിനും സാമൂഹ്യ സംവിധാനങ്ങൾക്കുമൊപ്പം സേവനത്തിന്റെ പതാകവാഹിനിയായി സഹൃദയയും നമ്മുടെ അതിരൂപതയും എപ്പോഴുമുണ്ട്. അതിരൂപതയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളെ പൊതുസമൂഹത്തിലേക്കും സർക്കാർ സംവിധാനങ്ങളിലേക്കും ഒരുപോലെ എത്തിക്കുന്നതിനുള്ള വേദിയായി സഹൃദയ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം വന്നിരിക്കുന്നതിനാൽ ഇടവകതലത്തിൽ എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഇടവകതല സാമൂഹ്യ പ്രവർത്തന സമിതിയായി പാരിഷ് സഹൃദയ യൂണിറ്റുകൾ രൂപീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും നമുക്ക് പരിശ്രമിക്കാം. അതിജീവനത്തിനും പുതുസമൂഹ സൃഷ്ടിക്കായുള്ള സഹൃദയസഞ്ചാരത്തിൽ നമുക്ക് ഇനിയും കൈകോർക്കാം.

സ്നേഹപൂർവ്വം,

**ഫാ. പോൾ ചെറുപിള്ളി**
**ഡയറക്ടർ, സഹൃദയ**

# Archdiocesan Institutions' Central Office (AICO)

- AICO സ്ഥാപനങ്ങളുടെ ആദ്യ ത്രൈമാസ ബോർഡ് മീറ്റിങ്ങുകൾ നടന്നുകൊണ്ടിരിക്കുകയാണ്. പിയെത്ത ഭവൻ പൊതി, വെൽഫെയർ സെന്റർ വൈക്കം, സത്യദീപം പബ്ലിക്കേഷൻസ് എറണാകുളം, സെന്റ് ജോസഫ്സ് പ്രൈവറ്റ് ITI തുറവൂർ, സെന്റ് ഫ്രാൻസിസ് അസ്സീസി സ ്കൂൾ അത്താണി എന്നീ സ്ഥാപങ്ങളുടെ 2018-19 ലെ ബോർഡ് മീറ്റിംഗുകൾ സെപ്റ്റംബർ 13-ാം തീയതി മുതൽ 25-ാം തീയതി വരെയുള്ള കാലയളവിൽ നടന്നു.

- സെന്റ് ജോസഫ്സ് പ്രൈവറ്റ് ITI, തുറവൂരിൽ 2018-20 അദ്ധ്യയന വർഷങ്ങളുടെ വിദ്യാരംഭം സെപ്റ്റംബർ 5-ാം തീയതി ആഘോഷമായി നടന്നു. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പ്രസ്തുത ചടങ്ങിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

- നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റ്, ചേർത്തലയിൽ ഹോട്ടൽ മാനേജ്മെന്റ് വിദ്യാർത്ഥികൾക്കായുള്ള പുതിയ ലാബിന്റെ ഉദ്ഘാടനം സെപ്റ്റംബർ 6-ാം തീയതി അഭിവന്ദ്യ മാർ ജോസ് പുത്തൻവീട്ടിൽ പിതാവ് നിർവഹിച്ചു.

- വെൽഫയർ സർവീസസ്, എറണാകുളത്തിന്റെ ആനുവൽ ജനറൽ ബോഡി മീറ്റിംഗ് സെപ്റ്റംബർ 27-ാം തീയതി ഉച്ചകഴിഞ്ഞ് സഹൃദയ പൊന്നുരുന്നിയിൽ നടന്നു.

ഫാ. സേവ്യർ തേലക്കാട്ട്
ഡയറക്ടർ

# നിര്യാതരായി

## സി. നർസിയൂസ് C.M.C.



(മറിയം അറയ്ക്ക, നടുവട്ടം)
സെന്റ് ജർമ്മയിൻസ് കോൺവെന്റ്, ചെങ്ങൽ

| | | |
|---|---|---|
| ജനനം | : | 13/06/1936 |
| വ്രതവാഗ്ദാനം | : | 04/04/1965 |
| മരണം | : | 15/09/2018 |

## സി. എമിരിറ്റ് C.M.C.



(കൊച്ചുത്രേസ്യ വടക്കഞ്ചേരി, തവളപ്പാറ)
സെന്റ് ജർമ്മയിൻസ് കോൺവെന്റ്, ചെങ്ങൽ

| | | |
|---|---|---|
| ജനനം | : | 23/10/1930 |
| വ്രതവാഗ്ദാനം | : | 04/01/1953 |
| മരണം | : | 04/09/2018 |

## സി. അമല C.P.S.



പ്രേഷിതാരാം ജനറലേറ്റ്, കാലടി

| | | |
|---|---|---|
| ജനനം | : | 18/09/1956 |
| വ്രതവാഗ്ദാനം | : | 02/01/1985 |
| മരണം | : | 06/09/2018 |

## സി. സോസിമ S.A.B.S.



(അന്നം വടശ്ശേരി, പരിയാരം)
സെന്റ് തോമസ് കോൺവെന്റ്, കൊരട്ടി

| | | |
|---|---|---|
| ജനനം | : | 21/01/1940 |
| വ്രതവാഗ്ദാനം | : | 16/04/1963 |
| മരണം | : | 29/08/2018 |

## സി. ബ്രീജിത D.M.L.



ലെവൂക്ക കോൺവെന്റ്, തൃക്കാക്കര

| | | |
|---|---|---|
| ജനനം | : | 23/03/1952 |
| വ്രതവാഗ്ദാനം | : | 18/10/1970 |
| മരണം | : | 09/08/2018 |

**സി. കൊർത്തൂന C.S.C.**



സി.എസ്.സി. കോൺവെന്റ്, ഒളനാട്.

| | | |
|---|---|---|
| ജനനം | : | 28/11/1925 |
| വ്രതവാഗ്ദാനം | : | 26/01/1956 |
| മരണം | : | 13/09/2018 |

# നിവേദിത, ചുണങ്ങംവേലി

CHUNANGAMVELY, ALUVA 683112, KERALA.
Tel.: 0484-2837375, Mob: 9387074646, 9847558054
E-mail: nivedithaekm@gmail.com

## Programmes: 2018 October - December

1) Oct. 06 : K C M S
2) Oct. 13 to 14 : B.O.C. - Catechism Teachers
3) 2018 ഒക്ടോബർ 16-20, അർത്ഥിനികൾക്കായി നിവേദിതയിൽ ധ്യാനം ഒരുക്കിയിരിക്കുന്നു.

2018 ഒക്ടോബർ 16 വൈകീട്ട് 06.00 മുതൽ 20 രാവിലെ 09.00 വരെ അർത്ഥിനികൾക്കായി (ആസ്പരൻസ്, പോസ്റ്റുലൻസ്, നോവിസസ്) നിവേദിതയിൽ ധ്യാനം നടത്തുന്നു. ധ്യാനം നയിക്കുന്നത് ബഹുമാനപ്പെട്ട ജോസഫ് താമരവെളി അച്ചനാണ്. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഒക്ടോബർ 10-ന് മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

N.B.: പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 9387074646 04842837375, 9847558054, നമ്പറുകളിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

4) Nov. 03 to 30 : Jubilee Preparation
5) Nov. 05 to 06 : Batch Gathering
6) Nov. 13 to14 : Batch Gathering
7) Dec. 7 : Paramedical Students
8) Dec. 26 to 31 : Retreat for Sisters
9) Dec. 26 to Jan. 03, 2019 : Retreat for Sisters

**Fr. Varghese Pulickal**
**Director**

# വാർത്തകളും വിശേഷങ്ങളും

## മറ്റുള്ളവരെ അധീനരാക്കുന്നതിനുള്ള പ്രലോഭനത്തെ സേവനം കൊണ്ട് ചെറുത്തുനിൽക്കുവിൻ. ഫ്രാൻസിസ് മാർപാപ്പ

ദൈവത്തിന്റെ രൂപത്തിൽ ആയിരുന്നെങ്കിലും ദൈവത്തോടുള്ള സമാനത നിലനിർത്താതെ തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച യേശുനാഥൻ ഇപ്രകാരം പഠിപ്പിച്ചു: "നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടേയും ദാസനുമായിരിക്കണം." യേശുവിന്റെ ഈ പ്രബോധനം അടിസ്ഥാനമാക്കിയാണ് മറ്റുള്ളവർക്ക് സേവനം ചെയ്യുന്നതിലൂടെ അവരെ അധീനതയിലാക്കുവാനുള്ള പ്രലോഭനത്തെ ചെറുത്ത് തോൽപ്പിക്കുവാൻ മാർപാപ്പ ആഹ്വാനം ചെയ്യുന്നത്. യേശുവിന്റെ മാതൃക അനുകരിച്ച് പാവപ്പെട്ടവരും, നിരാകരിക്കപ്പെട്ടവരുമായവരെ പരിഗണിക്കുവാനും, അവർക്ക് സേവനം ചെയ്യുവാനും നാം കടപ്പെട്ടവരാണ് എന്ന കാര്യവും മാർപാപ്പ ഓർമ്മിപ്പിച്ചു. ലിത്വാനിയ സന്ദർശനത്തിനിടയിൽ 2018 സെപ്റ്റംബർ 23-ാം തീയതി ഞായറാഴ്ച നടത്തിയ ത്രികാലജപത്തിനിടയിലാണ് മാർപാപ്പ ഇപ്രകാരം ഉദ്ബോധിപ്പിച്ചത്.

## വിശുദ്ധ നാട്ടിലേക്കുള്ള തീർത്ഥാടകരുടെ എണ്ണം വർദ്ധിക്കുന്നു

വിശുദ്ധനാട് സന്ദർശിക്കുന്ന തീർത്ഥാടകരുടെ എണ്ണം വർദ്ധിക്കുന്നതായി ഇസ്രായേലിലെ അപ്പസ്തോലിക് നുൻഷ്യോയും ജറുസലെമിന്റെയും പലസ്തീനയുടെയും അപ്പസ്തോലിക് ഡലഗേറ്റുമായ ആർച്ചുബിഷപ് ലിയോപോൾദോ ജിറെല്ലി പ്രസ്താവിച്ചു. സിറിയയിലെ സംഘർഷങ്ങളും ഇസ്രായേലും ഇറാനും തമ്മിലുള്ള സംഘർഷങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യങ്ങളും വിശുദ്ധനാട്ടിലേക്കുള്ള തീർത്ഥാടകരുടെ എണ്ണത്തിൽ കുറവ് ഉണ്ടാക്കിയിട്ടില്ല. ഏഷ്യയിൽ നിന്നാണ് കൂടുതൽ തീർത്ഥാടകർ വിശുദ്ധനാട്ടിൽ എത്തുന്നത്. വിശ്വാസികളെ സംബന്ധിച്ചിടത്തോളം വിശുദ്ധനാട് വളരെയധികം ആഗ്രഹിക്കുന്ന ഒരു ലക്ഷ്യസ്ഥാനവും ആഴമേറിയ വിശ്വാസതീർത്ഥാടന അനുഭവവുമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# വിശ്വാസപരിശീലന കേന്ദ്രം

## ഒന്നാം സെമസ്റ്റർ പരീക്ഷ

### 2018 ഒക്ടോബർ 7 ഞായർ

ഒന്നാം സെമസ്റ്റർ പരീക്ഷയുടെ ചോദ്യപേപ്പറുകൾ ഫോറോനകളിലേക്ക് എത്തിച്ചിട്ടുണ്ട്. **ചോദ്യപേപ്പർ പായ്ക്കറ്റിന്റെ പുറം കവറിൽ എഴുതിയിരിക്കുന്നത് കൃത്യമായി പരിശോധിച്ച് ചോദ്യക്കടലാസുകൾ ആവശ്യത്തിനുണ്ട് എന്ന് ഉറപ്പുവരുത്തുക.** പരീക്ഷാ സംബന്ധമായ ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. **പരീക്ഷയുടെ സമയം 10.30 a.m. മുതൽ 12.30 p.m. വരെയാണ്.** പരീക്ഷ ആരംഭിക്കുന്നതും അവസാനിക്കുന്നതും **കൃത്യസമയത്തു തന്നെയായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണ**മെന്ന് അഭ്യർത്ഥിക്കുന്നു. **സെമസ്റ്റർ പരീക്ഷകൾ സ്കോളർഷിപ്പു പരീക്ഷയായിക്കൂടി കണക്കാക്കുന്നതിനെക്കുറിച്ച് അറിയാമല്ലോ. മറ്റു സമയങ്ങളിൽ ക്ലാസ്സ് നടത്തുന്നവരും പരീക്ഷാദിവസം രാവിലെ 10.30 മുതൽ 12.30 വരെ എന്നുള്ള സമയക്രമം പാലിക്കണം. അങ്ങനെ അല്ലാത്ത യൂണിറ്റുകളിൽനിന്ന് സ്കോളർഷിപ്പിന് അർഹതയുള്ളവരെ സ്വീകരിക്കാനാവില്ല എന്ന് ഇതിനു മുമ്പ് അറിയിച്ചിട്ടുള്ളത് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു.**

2. പരീക്ഷ എഴുതുന്ന കുട്ടിയുടെ **വീട്ടുപേർ, പിതാവിന്റെ പേർ, കുട്ടിയുടെ പേർ, ക്ലാസ്സ്, ഇടവക** എന്നിവ ഉത്തരക്കടലാസിന്റെ മുകളിൽ രേഖപ്പെടുത്തുവാൻ കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

3. IV മുതൽ IX വരെയുള്ള ക്ലാസ്സുകളിലെ ഉത്തരക്കടലാസുകൾ പരിശോധിച്ച് **80 ശതമാനമോ (ഇന്റേണൽ അസ്സസ്സ്മെന്റ് കൂടാതെ 35-ൽ 28 മാർക്ക്) അതിൽ കൂടുതലോ മാർക്കുള്ള** ഉത്തരക്കടലാസുകളും അവരുടെ മാത്രം മാർക്ക് ലിസ്റ്റും *ഒക്ടോബർ* **20-ാം തീയതിക്കകം** ഫൊറോന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. **ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾക്ക് 80 ശതമാനം മാർക്കു വാങ്ങുന്നവർക്കാണ് സ്കോളർഷിപ്പ് ഉണ്ടാകുക.**

അതുപോലെ തന്നെ XI -ാം ക്ലാസ്സിലെ ഉത്തരക്കടലാസുകൾ പരിശോധിച്ച് **80 ശതമാനമോ (ഇന്റേണൽ അസ്സസ്സ്മെന്റ് കൂടാതെ 40-ൽ 32 മാർക്ക്) അതിൽ കൂടുതലോ മാർക്കുള്ള** ഉത്തരക്കടലാസുകളും അവരുടെ മാത്രം മാർക്ക് ലിസ്റ്റും *ഒക്ടോബർ* **20-ാം തീയതിക്കകം** ഫൊറോന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. (വചനദീപം, പേജ് 41, 42) **XI -ാം ക്ലാസ്സിൽ സ്കോളർഷിപ്പ് ഉണ്ടായിരിക്കുന്നതല്ല. മുൻവർഷങ്ങളിലെ പോലെ പതിനൊന്നും പന്ത്രണ്ടും ക്ലാസ്സുകളിലെ മാർക്കുകൾ കണക്കാക്കി പന്ത്രണ്ടാം ക്ലാസ്സിലാണ് സ്കോളർഷിപ്പ് കൊടുക്കുന്നത് എന്ന വിവരം അറിയാമല്ലൊ.**

മൂല്യനിർണയത്തിൽ ഉത്തരങ്ങളെപ്പറ്റിയുള്ള ആഴമായ അറിവും, കൃത്യതയും, വ്യക്തതയും, നീതിബോധവും, സത്യസന്ധതയും (*comprehension, sharpness, clarity, justice, truthfulness*) പാലിക്കണം. **സ്കോളർഷിപ്പിന് അർഹമായ ഉത്തരക്കടലാസുകളിൽ നോക്കിയ അദ്ധ്യാപകന്റെയോ/അദ്ധ്യാപികയുടെയോ പേരും ഒപ്പും ഫോൺ നമ്പറും ഉണ്ടായിരിക്കണം. Answer key നോക്കി ഉത്തരവാദിത്വത്തോടെ മൂല്യനിർണയം നടത്തുക. ഇവിടെ മൂല്യനിർണ്ണയം നടത്തുമ്പോൾ 80 ശതമാനം മാർക്കില്ലാത്ത പേപ്പറുകൾ തിരിച്ചയക്കുന്നതാണ്. പെട്ടെന്ന് പുനർമൂല്യനിർണയം നടക്കുന്നതിനാൽ *ഒക്ടോബർ* 20-നു ശേഷം ലഭിക്കുന്ന ഉത്തരക്കടലാസുകൾ പരിഗണിക്കുന്നതല്ല. സ്കോളർഷിപ്പിനുള്ള കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ ചോദ്യപേപ്പറിനോടൊപ്പമുള്ള ഫോമിൽ തന്നെ ഒന്നാം സെമസ്റ്ററിലെ മാർക്ക് എഴുതുക. നാലാം ക്ലാസ്സുമുതൽ തുടർച്ചയായി ഫോമിൽ എഴുതിചേർക്കാൻ ശ്രദ്ധിക്കുക.**

**4.** ഒക്ടോബർ 7-ന് പരീക്ഷയെഴുതാൻ സാധിക്കാത്ത കുട്ടികൾക്കും ജയിക്കാത്തവർക്കും ഇടവകയിൽ തന്നെ പുനഃപരീക്ഷ പതിവുപോലെ നടത്തേണ്ടതാണ്. പത്താം ക്ലാസ്സിലെ പുനഃപരീക്ഷയും ഇടവകയിൽ തന്നെ നടത്തി 2018 ഒക്ടോബർ 28-നകം പരീക്ഷാഫലം അതിരൂപത കേന്ദ്രത്തിൽ എത്തിച്ചു തരേണ്ടതാണ്. (വചനദീപം, പേജ് 38, 75) എന്നാൽ, ഡിപ്ലോമ പരീക്ഷയെഴുതാൻ സാധിക്കാത്ത കുട്ടികൾക്കുള്ള പുനഃപരീക്ഷ പതിവുപോലെ 2019 മെയ് 17 വെള്ളിയാഴ്ച റിന്യുവൽ സെന്ററിൽ നടത്തുന്നതാണ് (വിശദവിവരങ്ങൾക്ക് കാണുക വചനദീപം, പേജ് 43).

മുൻ വർഷങ്ങളിൽ പത്താം ക്ലാസ്സിലെ പരീക്ഷ ജയിക്കാത്തവർക്കും എഴുതാത്തവർക്കുമുള്ള പുനഃപരീക്ഷ 2019 ഏപ്രിൽ 27 ശനിയാഴ്ച രാവിലെ 10.00 മുതൽ 12.00 വരെ നടത്തുന്നതാണ്. പരീക്ഷയ്ക്ക് രണ്ടാഴ്ച മുൻപായി ബ. വികാരിയച്ചന്റെ കത്തുമായി അതിരൂപതാ വിശ്വാസ പരിശീലന കേന്ദ്രത്തിൽ വന്ന പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**5.** പത്താം ക്ലാസ്സ്, ഡിപ്ളോമ കോഴ്സ് എന്നിവ സെമസ്റ്റർ രീതിയിലാണ് എന്നകാര്യം ഓർക്കുമല്ലോ. ഒന്നാം സെമസ്റ്ററിൽ പഠിക്കേണ്ട അദ്ധ്യായങ്ങൾ ഉൾപ്പെടുത്തി ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 7-നും രണ്ടാം സെമസ്റ്ററിൽ പഠിക്കേണ്ട അദ്ധ്യായങ്ങൾ മാത്രം ഉൾപ്പെടുത്തി രണ്ടാം സെമസ്റ്റർ പരീക്ഷ ജനുവരി 27-നും (ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 4.00) നടത്തുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. രണ്ടു സെമസ്റ്ററിലെ പരീക്ഷയ്ക്കും ഇന്റേണൽ അസസ്സ്മെന്റ് കൂടാതെ 40-ൽ 14 മാർക്ക് കിട്ടിയാലെ ജയിച്ചതായി കണക്കാക്കുകയുള്ളു. ഇന്റേണൽ അസസ്സ്മെന്റ 10-ൽ 4 മാർക്കും കിട്ടിയിരിക്കണം. പരീക്ഷയ്ക്കുശേഷം ആൻസർ ബുക്കുകൾ രജിസ്റ്റർ നമ്പറിന്റെ ക്രമമനുസരിച്ച് പാക്ക് ചെയ്ത്, സീൽ ചെയ്ത് **അന്നുതന്നെ (7/10/2018)** ഫൊറോന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. വിവിധ ക്ലാസ്സുകളിലെ ആൻസർ ബുക്കുകൾ തമ്മിൽ കൂടിക്കലരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം (വചനദീപം, പേജ് 37, 38).

6. നാല് മുതലുള്ള ക്ലാസ്സുകളിലെ Answer Key പരീക്ഷാദിവസം (07/10/2018) ഉച്ചകഴിഞ്ഞ് 1.00-ന് കാറ്റികോർപ്പ് പാരീഷ് ലോഗിൻ ചെയ്ത് Notifications & Uploads- ൽ നിന്നും ഡൗൺലോഡ്ചെയ്ത് എടുക്കാവുന്നതാണ്.

7. ചോദ്യക്കടലാസുകൾക്ക് എണ്ണത്തിൽ കുറവോ മറ്റോ ഉണ്ടെങ്കിൽ പരീക്ഷാദിവസം (07/10/2018) രാവിലെ 10.30-ന് കാറ്റികോർപ്പ് പാരീഷ് ലോഗിൻ ചെയ്ത് Notifications & Uploads- ൽ നിന്നും ഡൗൺലോഡ്ചെയ്ത് എടുക്കാവുന്നതാണ്. 10.30-നു മുൻപ് അവിടെ ചോദ്യക്കടലാസുകൾ ഉണ്ടാവില്ല.

## പരീക്ഷാരീതി (4, 5, 6 ക്ലാസ്സ്)

**നാല്, അഞ്ച്, ആറ് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് തങ്ങളുടെ നോട്ട് ബുക്ക് (ക്ലാസ്സ് ടെക്സ്റ്റ് ബുക്കല്ലെ) നോക്കിയെഴുതാനുള്ള**

**സാധ്യതയാണ് നൽകുന്നത്.** എല്ലാ കുട്ടികളും അങ്ങനെ ചെയ്യണമെന്ന് നിർബന്ധിക്കുന്നില്ല/നിർബന്ധിക്കേണ്ടതുമില്ല. **എന്തുകൊണ്ട് ഈ രീതി നിർദ്ദേശിക്കുന്നു.**

1. കുട്ടികൾ എഴുത്തു പരീക്ഷയുടെ പ്രാഥമിക തലത്തിലായതുകൊണ്ടും ഭാഷ പരിചിതമായി വരുന്ന സമയമായതുകൊണ്ടും അവരിൽ ആത്മവിശ്വാസം ഉണർത്താൻ ഈ രീതി സഹായകമാകും

2. ഓരോ ആഴ്ചയിലും ടെക്സ്റ്റ് ബുക്ക് വായിക്കാനുള്ള പ്രേരണ കുട്ടികളിൽ വളർത്തുക. വായിക്കുക മാത്രമല്ല, ക്ലാസ്സിൽ കേട്ടതും വായിച്ചു മനസ്സിലാക്കിയതും നോട്ടു പുസ്തകത്തിൽ എഴുതാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

3. ഇങ്ങനെയൊരു സാധ്യതയുള്ളതുകൊണ്ട് പഠനത്തിൽ കൂടുതൽ താല്പര്യമുള്ള കുട്ടികൾ ഒരു തവണയെങ്കിലും ടെക്സ്റ്റ് പുസ്തകം വായിക്കാൻ ഇടയാകും. പരീക്ഷയ്ക്ക് രണ്ടോ മൂന്നോ ദിവസം മുൻപ് പുസ്തകം തുറന്നു നോക്കുന്നതിനു പകരം, എല്ലാ ആഴ്ചയും കുട്ടികൾ ക്ലാസ്സ് ടെക്സ്റ്റ് വീട്ടിൽ വച്ച് വായിക്കാൻ ഇടയാകണം.

4. വായിക്കുന്ന കാര്യങ്ങൾ കുട്ടികൾ സ്വാംശീകരിക്കുവാൻ പഠിക്കും അദ്ധ്യാപകൻ രണ്ടാഴ്ച കൂടുമ്പോഴെങ്കിലും നോട്ടുപുസ്തകം പരിശോധിച്ചതിനുശേഷം തീയതി എഴുതി ഒപ്പിട്ടു കൊടുക്കണം.

5. പുസ്തകത്തിലെ ചോദ്യവും ഉത്തരവും നോട്ട് പുസ്തകത്തിലേക്ക് പകർത്തലല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് അദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണം.

6. മാർക്ക് കേന്ദ്രീകൃതമായ പഠനരീതികൾ ഉപേക്ഷിക്കുക.

7. മനഃപാഠമാക്കുക എന്ന സംഘർഷം ഇല്ലാതെ കുട്ടികൾ പഠിക്കുമ്പോഴാണ് പഠിക്കുന്ന കാര്യങ്ങൾ ഹൃദ്യസ്ഥമാക്കുക.

8. അന്വേഷണാത്മക ഭാവം കുട്ടികളിൽ വളർത്തുക.

9. ബ. ഫൊറോന ഡയറക്ടർമാരുടെ നിർദ്ദേശ പ്രകാരം നമസ്കാരങ്ങളും ബൈബിൾ ഭാഗങ്ങളും എഴുതിക്കൊണ്ടു വരുന്നത് ഒഴിവാക്കുന്നു.

# പ്രധാന പരിപാടികൾ

**ഒക്ടോബർ 2018**

| | | |
|---|---|---|
| 02 ചൊവ്വ | : | എൻലൈറ്റ് - അങ്കമാലി ഫൊറോന |
| 07 ഞായർ | : | ഒന്നാം സെമസ്റ്റർ പരീക്ഷ 10.30 am - 12.30 pm |
| 13-14 ശനി, ഞായർ | : | വിശ്വാസപരിശീലകർക്കുള്ള ട്രെയിനിംഗ് (BOC) - നിവേദിത ചുണങ്ങംവേലി |
| 14 ഞായർ | : | എലൈവ്, മഞ്ഞപ്ര |
| 18 വ്യാഴം | : | എൻലൈറ്റ് - വല്ലം, കറുകുറ്റി ഫൊറോനകൾ |
| 19 വെള്ളി | : | ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ് (പ്ലസ് ടു) |
| 20 ശനി | : | ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ് (പ്ലസ് ടു) |
| | | ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് 80% ത്തിലധികം മാർക്ക് കിട്ടിയ ഉത്തരക്കടലാസുകളും മാർക്ക് ലിസ്റ്റും (IV - IX, XI ) ഫൊറോനയിൽ എത്തിക്കേണ്ട അവസാന തീയതി |
| 21 ഞായർ | : | എലൈവ് - അങ്കമാലി ഫൊറോന |
| | | X, XII ഒന്നാം സെമസ്റ്റർ പരീക്ഷയുടെ ഉത്തരക്കടലാസുകളും മാർക്ക് ലിസ്റ്റും അതിരൂപതയിൽ എത്തിക്കേണ്ട അവസാന തീയതി |
| 28 ഞായർ | : | എലൈവ് - മൂക്കന്നൂർ ഫൊറോന |
| | | X പുനഃപരീക്ഷ നടത്തി മാർക്ക് ലിസ്റ്റും ഉത്തരക്കടലാസുകളും ഫൊറോനയിൽ എത്തിക്കേണ്ട അവസാന തീയതി |
| 31 ചൊവ്വ | : | ഒന്നാം സെമസ്റ്റർ പരീക്ഷയുടെ മാർക്ക് ഓൺലൈനിൽ രേഖപ്പെടുത്താനുള്ള അവസാന തീയതി |

**നവംബർ 2018**

| | | |
|---|---|---|
| 04 ഞായർ | : | എലൈവ് - വല്ലം ഫൊറോന |
| | | വി. ചാൾസ് ബറോമിയായുടെ തിരുന്നാൾ വിശ്വാസ പരിശീലകരുടെ ദിനാഘോഷം |
| 10 ശനി | : | എൻലൈറ്റ് - മൂഴിക്കുളം, വൈക്കം ഫൊറോനകൾ |
| 11 ഞായർ | : | പ്രധാനാദ്ധ്യാപരുടെയും ഫൊറോന സെക്രട്ടറിമാരുടെയും യോഗം |

**ഫാ. ജോയ്സ് കൈതക്കോട്ടിൽ**
**ഡയറക്ടർ**

## ഫാമിലി അപ്പോസ്തലേറ്റ്

**Renewal Centre,** Kaloor. Tel.: 0484-2533077
**Jeevalaya Family Park,** Kalady. Tel.: 0484-2462607, 9387074649
**Vaikom:** 9495411200 • E-mail: familycentrekaloor@gmail.com

# 2018 OCTOBER - NOVEMBER

**I. Marriage Preparation Course (MPC)**

| | | | |
|---|---|---|---|
| Oct. | 01-03[Single] Kaloor | Nov. | 04-06 [Pair] Kaloor |
| Oct. | 02-04 [Pair] Kalady | Nov. | 12-14 [Single] Kaloor |
| Oct. | 07-09 [Pair] Kaloor | Nov. | 13-15 [Pair] Kalady |
| Oct. | 15-17 [Single] Kaloor | Nov. | 19-21 [Pair] Kaloor |
| Oct. | 16-18 [Pair] Kalady | Nov. | 26-28 [Single] Kaloor |
| Oct. | 23-25 [Single] Kalady | Nov. | 27-29 [Pair] Kalady |
| Oct. | 29-31 [Single] Kaloor | | |
| Oct. | 30- Nov. 01 [Pair] Kalady | | |

**II. Babyshine Retreat (Jeevalaya Family Park, Kalady) (9446744111)**

Oct. 05-07 Nov. 02-04

**III. Grace Rings Couples' Retreat (Jeevalaya Family Park) (9446335441)**

Oct. 11-14 Nov. 08-11

**IV. Parenting Retreat (Jeevalaya Family Park, Kalady) (9495950055)**

Oct. 19-21 Parenting Teenagers Retreat (Age 13-19 Years)
Nov. 23-25 Parenting Children Retreat (Age 05-12 Years)

**V. Widows' Retreat (Jeevalaya Family Park, Kalady) 9400929111**

Oct. 26-28 Nov. 16-18

**VI. Vivahostav**

| | | | |
|---|---|---|---|
| Kanjoor | Oct. 06 | Cherthala | Nov. 03 |
| Vallam | Oct. 06 | Pallipuram | Nov. 03 |
| Edappally | Oct. 13 | Karukutty | Nov. 10 |

| | | | |
|---|---|---|---|
| Ernakulam | Oct. 20 | Koratty | Nov. 10 |
| Parur | Oct. 20 | Angamaly | Nov. 17 |
| Thripunithura | Oct. 27 | Moozhikulam | Nov. 17 |
| Vaikom | Oct. 27 | Manjapra | Nov. 24 |
| Kizhkkambalam | Oct. 27 | Mookkannoor | Nov. 24 |

**VII. Director's Unit Visit**

| | | |
|---|---|---|
| Oct. | 07 | Mekkad, Kaprassery |
| Oct. | 14 | North Champannoor |
| Oct. | 18 | W. Koratty |
| Oct. | 20 | Karukutty |

**VIII. Thanima Youth Parenting Seminar**

Oct. 21 Thabore

**IX. Family Apostolate Training**

Oct. 5 - Muvattupuzha

**6-ാമത്**
**ഗ്രെയ്സ് റിപ്പിൾസ് കപ്പിൾസ് കോൺഫറൻസ്**

**വിഷയം: ദമ്പതികൾ സഭയിലെ സഹഇടയർ**

അതിരൂപതാ കുടുംബ പ്രേഷിത കേന്ദ്രത്തിന്റെ നേതൃത്വത്തിൽ 6-ാമത് ഗ്രെയ്സ് റിപ്പിൾസ് കപ്പിൾസ് കോൺഫറൻസ് പതിവിനുവീപരിതമായി രണ്ടു സോണുകളായി നടത്തപ്പെടുന്നു. സൗത്ത് സോൺ കോൺഫറൻസ് ഡിസംബർ 8-ാം തീയതി ഇടപ്പള്ളി സെന്റ് ജോർജ് ഫൊറോനാ പള്ളിയിലും നോർത്ത് സോൺ ദമ്പതി കോൺഫറൻസ് ഡിസംബർ 15-നു അങ്കമാലി വിശ്വജ്യോതി പബ്ലിക് സ്കൂളിലും നടത്തുന്നു. പങ്കടുക്കുവാൻ താല്പര്യമുള്ള ദമ്പതികൾ ഓൺലൈൻ ആയി റെജിസ്ട്രേഷൻ ഫീസ് 200 രൂപ അടച്ച് സീറ്റ് ബുക്ക് ചെയ്യുക. രജിസ്ട്രേഷൻ ഒക്ടോബർ 01 മുതൽ ഒക്ടോബർ 31 വരെ.

**ഫാ. അഗസ്റ്റിൻ കല്ലേലി**
**ഡയറക്ടർ**

## കരുതലിന്റെ കൈവഴികളുമായി 'നാം ഒന്നായ്' പദ്ധതി

അതിരൂപത നടപ്പാക്കുന്ന കാരുണ്യപ്രവാഹം പ്രളയാനന്തര പുനരധിവാസപദ്ധതിയുടെ ഭാഗമായി പ്രളയം തകർത്തെറിഞ്ഞ ഇടവകകളെ മറ്റ് ഇടവകകളോ സന്ന്യാസസമൂഹങ്ങളോ ദത്തെടുത്ത് ഒരു വർഷത്തിനുള്ളിൽ അതിജീവനപാതയിലേക്കു കൊണ്ടുവരുന്ന പദ്ധതിയാണ് - 'നാം ഒന്നായ്'. ആലങ്ങാട് കുന്നേൽ ഇടവകയെ എളംകുളം ഇടവക ദത്തെടുക്കുന്ന ചടങ്ങിനു സാക്ഷ്യം വഹിച്ചുകൊണ്ട് അതിരൂപതാ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ജേക്കബ് മനത്തോടത്ത് പിതാവ് ഈ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. 35-ലേറെ ഇടവകകളും ഏതാനും സന്ന്യാസസമൂഹങ്ങളും ഈ പദ്ധതിയുമായി സഹകരിക്കാൻ തയ്യാറായിട്ടുണ്ട്. ഇനിയും സഹായം അർഹിക്കുന്ന നിരവധി ഇടവകകളുണ്ട്. സഹായിക്കാൻ താത്പര്യമുള്ളവർ സഹൃദയയുമായി ബന്ധപ്പെടുമല്ലോ.

### 'പ്രകൃതിവിചാരം'

വീടുകളിലും പൊതുസ്ഥലങ്ങളിലും പ്രളയാനന്തര ശുചീകരണപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന 'പ്രകൃതിവിചാരം' പദ്ധതിയിൽ അതിരൂപതയിലെ വിവിധ സംഘടനകളും സ്ഥാപനങ്ങളും സഹകരിക്കുന്നു. ഒട്ടേറെ വീടുകളും പൊതുസ്ഥലങ്ങളും ഇതിനകം ശുചിയാക്കിക്കഴിഞ്ഞു. അതിരൂപതക്കു പുറമേ നിന്നും സെമിനാരിക്കാർ, കർണാടകയിലെ ഗുൽബർഗ രൂപതയിൽ നിന്നുള്ള സന്നദ്ധപ്രവർത്തകർ തുടങ്ങിയവരും പങ്കാളികളായി.

### കൗൺസിലിംഗ് സേവനം

അതിരൂപതാ  കുടുംബകൂട്ടായ്മാ വിഭാഗത്തിന്റെയും വിവിധ സന്ന്യാസസമൂഹങ്ങളുടേയും നേതൃത്വത്തിൽ, പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങളിൽ വേദനിക്കുന്നവർക്ക് കൗൺസിലിംഗ് സേവനം നല്കിവരുന്നു. വിവിധ ഇടവകകളുടെ ആഭിമുഖ്യത്തിൽ ഭവന സന്ദർശനവും നടത്തിവരുന്നു.

### വിവര ശേഖരണം

പ്രളയദുരിതങ്ങളുടെ വിവരശേഖരണം പുർത്തിയായിവരുന്നു. പുനരധിവാസപദ്ധതി പ്രവർത്തനങ്ങളുടെ സുഗമമായ ആസൂത്രണത്തിനും

നടത്തിപ്പിനും കൃത്യമായ വിവരശേഖരണം അത്യാവശ്യമാണെന്ന് മനസ്സിലാക്കി ഏവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഭിന്നശേഷിയുള്ളവർക്കായി ഫാമിലി കിറ്റ് വിതരണം**

പ്രളയാനന്തര പുനരധിവാസ പദ്ധതിയുടെ ഭാഗമായി കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ ഭിന്നശേഷിയുള്ളവർക്കായി ഫാമിലി കിറ്റുകളുടെ വിതരണം നടത്തി. അഞ്ചു മേഖലകളിലായി ആയിരം ഭിന്നശേഷിയുള്ള സഹോദരങ്ങൾക്ക് കിറ്റുകൾ നല്കി.

**ഹരിതസഹായ സ്ഥാപനം**

എറണാകുളം ജില്ലയിൽ പാറക്കടവ് ബ്ലോക്കിലും കോട്ടയം ജില്ലയിൽ വൈക്കം ബ്ലോക്കിലുമുള്ള പഞ്ചായത്തുകളിൽ സർക്കാരിന്റെ ഹരിത സഹായസ്ഥാപനമെന്ന നിലയിൽ പ്രവർത്തിക്കുന്നതിനുള്ള അംഗീകാരം സഹൃദയക്കു ലഭിച്ചു.

കേരള സർക്കാരിന്റെ ഹരിതസഹായ സ്ഥാപനമായി അംഗീകരിക്കപ്പെട്ട സംഘടനകളുടെ തിരുവനന്തപുരത്തുവച്ചു സംഘടിപ്പിച്ച യോഗത്തിൽ സഹൃദയ പങ്കെടുത്തു.

## സഹായ, വായ്പാ വിതരണ വിവരം ആഗസ്റ്റ് 2018

| പദ്ധതി | വായ്പ | സഹായം |
|---|---|---|
| **വെസ്കോ ക്രെഡിറ്റ്** | | |
| സ്വയംതൊഴിൽ വായ്പ (111 സംഘങ്ങൾ) | 3,08,35,000.00 | |
| **സ്നേഹ ഫൗണ്ടേഷൻ** | | |
| ചികിത്സാ സഹായം | | 35,000.00 |
| **സേവ് എ ഫാമിലി പ്ലാൻ** | | |
| കുടുംബ സ്ഥിരസഹായ പദ്ധതി (54) | | 7,05,131.00 |
| കർമ്മശ്രീ സ്വയംതൊഴിൽ സഹായം (31) | | 4,18,000.00 |
| സ്പെഷ്യൽ ഗിഫ്റ്റ് (14) | | 17,460.00 |

**ലൈറ്റ് എ ലൈഫ് - കുടുംബ സഹായ പദ്ധതി**

| | |
|---|---|
| വിദ്യാഭ്യാസ സഹായം | 20,000.00 |
| ചികിത്സാ സഹായം | 15,000.00 |
| ഭവന പുനരുദ്ധാരണ സഹായം | 10,000.00 |
| വിവാഹസഹായം | 15,000.00 |

**ഇൻഷുറൻസ് പദ്ധതികൾ**

| | |
|---|---|
| സഹൃദയ കാരുണ്യ ഇൻഷുറൻസ് (മൂന്നാം ഘട്ടം) | 96,09,528.00 |

## അതിരൂപതാ സഹായനിധി ആഗസ്റ്റ് 2018

| ഫൊറോന | വിവാഹം | ചികിത്സ | ഭവനം | വിദ്യാഭ്യാസം |
|---|---|---|---|---|
| കൊരട്ടി | | 2,500.00 | | |
| അങ്കമാലി | | | | |
| മഞ്ഞപ്ര | 2,000.00 | 1,500.00 | | |
| മൂഴിക്കുളം | | 1,000.00 | | |
| കാഞ്ഞൂർ | 3,000.00 | | | |
| വല്ലം | | | | |
| എറണാകുളം | | | | |
| കിഴക്കമ്പലം | | | | |
| ഇടപ്പള്ളി | 5,000.00 | 6,500.00 | | |
| പറവൂർ | 5,000.00 | 1,000.00 | | |
| തൃപ്പൂണിത്തുറ | | | | |
| വൈക്കം | | | | |
| പള്ളിപ്പുറം | | | | |
| ചേർത്തല | 10,000.00 | 2,000.00 | | |
| മുക്കന്നൂർ | | 3,000.00 | | |
| കറുകുറ്റി | 6,000.00 | | | |
| **ആകെ** | **31,000.00** | **17,500.00** | **0.00** | **0.00** |

**ഫാ. പോൾ ചെറുപിള്ളി**
**ഡയറക്ടർ**

# ഇവാഞ്ചലൈസേഷൻ & പ്രെയർ ഗ്രൂപ്പ്സ്

## 2018 ഒക്ടോബർ മാസത്തിലെ പ്രോഗ്രാമുകൾ

**പ്രെയർ ഗ്രൂപ്പ് ലീഡേഴ്സ് മീറ്റ്**

ഒക്ടോബർ 11 : റിന്യുവൽ സെന്റർ, കലൂർ
ഒക്ടോബർ 18 : സുബോധന, അങ്കമാലി

**സ്കൂൾ പ്രോഗ്രാം**

ഒക്ടോബർ 26-27 : സെന്റ് ആൻസ് സ്കൂൾ, ചേർത്തല, മുട്ടം.

**ഫാ. ജോസഫ് പാറേക്കാട്ടിൽ**
**ഡയറക്ടർ**

# DEPARTMENT OF BIBLE APOSTOLATE

## ലോഗോസ് ക്വിസ് 2018

2018-ലെ ലോഗോസ് ക്വിസിൽ 60,812 പേരുകൾ രജിസ്റ്റർ ചെയ്ത് ആഗോളതലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ചതിനുള്ള കെ. സി. ബി. സി. ബൈബിൾ കമ്മീഷന്റെ പ്രത്യേക പുരസ്ക്കാരം തുടർച്ചയായി പതിനെട്ടാം തവണയും കരസ്ഥമാക്കുവാൻ നമ്മുടെ അതിരൂപതയെ സഹായിച്ച എല്ലാവർക്കും നന്ദി.

ലോഗോസ് ക്വിസ് അതിരൂപതാ തലത്തിൽ സമ്മാനർഹരായവർ

ലോഗോസ് ക്വിസ് 2018-ൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച് ആദ്യത്തെ മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി സമ്മാനർഹരായവർ.

1st - സെന്റ് ജോർജ് ബസിലിക്ക പള്ളി-അങ്കമാലി (2547 പേർ)
2nd - സെന്റ് മേരീസ് ഫൊറോന പള്ളി - കാഞ്ഞൂർ (1242 പേർ)
3rd - സെന്റ് ജോർജ് പള്ളി - തലയോലപ്പറമ്പ് (1030 പേർ)

വിജയികൾക്ക് അഭിനന്ദനങ്ങൾ. സഹകരണത്തിന് നന്ദി.

ഒക്ടോബർ 25 -ാം തീയതി ഫലപ്രഖ്യാപനം വെബ്സൈറ്റിൽ ഉണ്ടായിരിക്കുന്നതാണ്.

രൂപതാതല വിജയികൾക്കുള്ള എഴുത്തു പരീക്ഷ 2018 നവംബർ 11-ാം തീയതി ഉച്ചയ്ക്ക് 2.00 pm ന് സെന്റ് ഫ്രാൻസീസ് ഹൈസ്കൂൾ, ആലുവയിൽ വച്ചായിരിക്കും.

ഓരോ രൂപതയിൽ നിന്നും ഫാമിലി ക്വിസിൽ ഒന്നാം സ്ഥാനം നേടുന്നവർക്കുള്ള സംസ്ഥാനതല പരീക്ഷ നവംബർ 24-ാം തീയതി രാവിലെ 9.30 ന് പി.ഒ.സി. യിൽ ആരംഭിക്കും.

**ഫാ. ജോസഫ് പാറേക്കാട്ടിൽ**
**ഡയറക്ടർ**

# കെ.സി.വൈ.എം.

* യൂണിറ്റ് അഫിലിയേഷൻ എത്രയും വേഗം നടത്തി അതിരൂപതാ നേതൃത്വത്തോട് സഹകരിക്കുവാൻ വികാരിയച്ചന്മാരും, പ്രസിഡന്റുമാരും ശ്രദ്ധിക്കുമല്ലോ. യൂണിറ്റ് അഫിലിയേഷനുള്ള ഫോം അതിരൂപതാ ഭാരവാഹികളിൽ നിന്നും ലഭിക്കുന്നതാണ്.
* ഒക്ടോബർ മാസത്തിൽ കെ.സി.വൈ.എം. യൂണിറ്റുകളിൽ തെരഞ്ഞെടുപ്പ് പൂർത്തിയാക്കുവാൻ വികാരിയച്ചന്മാരും യൂണിറ്റ് പ്രസിഡന്റുമാരും ശ്രദ്ധിക്കുമല്ലോ.
* നവംബർ മാസത്തിൽ കെ.സി.വൈ.എം. ഫൊറോന സമിതികളിൽ തെരഞ്ഞെടുപ്പ് പൂർത്തിയാക്കുവാൻ ഫൊറോന ഡയറക്ടർ അച്ചന്മാരും, പ്രസിഡന്റുമാരും ശ്രദ്ധിക്കുമല്ലോ.
* രണ്ട് വർഷമാണ് ഒരു സമിതിയുടെ കാലാവധി.
* ഡിസംബർ 8, 9 തീയതികളിൽ അതിരൂപതാ തെരഞ്ഞെടുപ്പ് നടക്കുന്നതായിരിക്കും. അതിന് മുൻപ് അഫിലിയേഷനും ഫൊറോന തെരഞ്ഞെടുപ്പുകളും നടത്തുവാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കുമല്ലോ.

ഇതുവരെ നൽകി കൊണ്ടിരിക്കുന്ന എല്ലാവിധ സഹായ സഹകരണങ്ങളും നന്ദിയോടെ ഓർക്കുന്നു. തുടർന്നുള്ള പ്രവർത്തനങ്ങളിലും ഏവരുടേയും എല്ലാവിധ പ്രാർത്ഥനയും സഹായസഹകരണവും പ്രതീക്ഷിച്ചു കൊള്ളുന്നു.

**ഫാ. സുരേഷ് മൽപാൻ**
**ഡയറക്ടർ**

# Naipunnya International

**Broadway, Ernakulam Kochi 682031.**
0484-2381948, 2381949

- **യു.കെ. നേഴ്സസ് റിക്രൂട്ട്മെന്റ്**
  യു.കെ.യിലേക്കുള്ള നേഴ്സുമാരുടെ റിക്രൂട്ട്മെന്റ് ഒക്ടോബർ 22 മുതൽ 26 വരെ തീയതികളിൽ എറണാകുളം നൈപുണ്യ ഇന്റർനാഷണലിൽ നടത്തപ്പെടുന്നു. താൽപര്യമുള്ളവർ താഴെ പറയുന്ന Mail ID -യിലേക്ക് CV അയയ്ക്കുക.

  sonia@naipunnyaint.com , naipunnyauk@gmail.com
  Contact Number:-9947519966

## നൈപുണ്യ അക്കാദമി, തൃക്കാക്കര.

**PH: 9544919133, 9947349966**

- **UGC NET COACHING** അഡ്മിഷൻ തുടരുന്നു.
  SUBJECTS: COMMERCE, MANAGEMENT & ENGLISH

## നൈപുണ്യ അക്കാദമി, കലൂർ.

**PH: 9544919144, 4029144**

- **സിവിൽ സർവ്വീസ്**
  Geography, Malayalam Optional പുതിയതായി തുടങ്ങുന്നു.

**ഫാ. വർഗീസ് പൊന്തേമ്പിള്ളി**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**ആഗസ്റ്റ് 2018**

20 ജേക്കബ് മനത്തോടത്ത് പിതാവ് ഉച്ചകഴിഞ്ഞ് താബോറിൽ ബ. ജോഷി പുതുവ അച്ചന്റെ വന്ദ്യ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. കോക്കുന്ന് പള്ളി സന്ദർശിച്ചു. ആലുവ മംഗലപ്പുഴ സെമിനാരി, കുത്തിയതോട് സെന്റ് തോമസ്, സെന്റ് സേവ്യേഴ്സ്, അയിരൂർ സെന്റ് ആന്റണീസ് എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചു. ജലപ്രളയകെടുതിയിൽ കുത്തിയതോട് സെന്റ് സേവ്യേഴ്സ് പള്ളിയുടെ വൈദികമന്ദിരം തകർന്ന് മരണമടഞ്ഞവരുടെ ബന്ധുക്കളെ കണ്ട് അനുശോചനം അറിയിക്കുകയും, വികാരിയച്ചനും പള്ളിക്കമ്മറ്റി ഭാരവാഹികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

21 ജേക്കബ് മനത്തോടത്ത് പിതാവ് ഉച്ചകഴിഞ്ഞ് അരമനയിൽ ചേർന്ന - വെള്ളപ്പൊക്ക ദുരന്തത്തെ തുടർന്ന് അടിയന്തിരമായി കൂടിയ ഫൊറോനാ വികാരിമാർ, സഹൃദയ അംഗങ്ങൾ എന്നിവരുടെ - മീറ്റീംഗിൽ പങ്കെടുത്തു.

22 ജേക്കബ് മനത്തോടത്ത് പിതാവ് രാവിലെ എറണാകുളം എസ്.ആർ.എം. റോഡിലെ മദർ തെരേസാ സിസ്റ്റേഴ്സിന്റെ ഹോമിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അരമനയിൽ ചേർന്ന - വെള്ളപ്പൊക്ക ദുരന്തത്തെ തുടർന്ന് അടിയന്തിരമായി കൂടിയ സന്ന്യാസ സഭാ സുപ്പീരിയേഴ്സിന്റെ മീറ്റീംഗിൽ പങ്കെടുത്തു.

23 ജേക്കബ് മനത്തോടത്ത് പിതാവ് രാവിലെ മുട്ടം ഫൊറോനാ പള്ളിയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ വിലയിരുത്തലിലും, തുടർപ്രവർത്തനങ്ങൾക്കു രൂപരേഖ തയ്യാറാക്കുന്നതിനുംവേണ്ടി വിളിച്ചു ചേർത്ത യോഗത്തിൽ പങ്കെടുത്തു.

24 ജോർജ് ആലഞ്ചേരി പിതാവ് ചേർത്തല, ആലപ്പുഴ, ചങ്ങനാശ്ശേരി ഭാഗങ്ങളിലുള്ള ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചു.

25-27 ജോർജ് ആലഞ്ചേരി പിതാവ് പെർമനെന്റ് സിനഡിന്റെ പ്രത്യേക യോഗത്തിൽ സംബന്ധിച്ചു.

26 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് കുത്തിയതോട് സെന്റ് സേവ്യേഴ്സ് പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും, ക്യാമ്പിൽ ഉണ്ടായ അപകടത്തിൽ മരിച്ചവരെ അനുസ്മരിച്ച് പ്രാർത്ഥന നടത്തുകയും ചെയ്തു. ഉച്ചകഴിഞ്ഞ് കിഴക്കമ്പലം ഫൊറോനയുടെ മതബോധന എലൈവ് പ്രോഗ്രാമിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ നടന്ന ABIDE ധ്യാനത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

27-28 ജേക്കബ് മനത്തോടത്ത് പിതാവ് കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന പെർമനന്റ് സിനഡിൽ പങ്കെടുത്തു.

27-29 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് മംഗലാപുരം സെമിനാരി സന്ദർശിക്കുകയും അവിടെ വൈദികപരിശീലനം നടത്തുന്ന എറണാകുളം-അങ്കമാലി അതിരൂപതാ ബ്രദേഴ്സിനെ കാണുകയും ചെയ്തു.

29 ജോർജ് ആലഞ്ചേരി പിതാവ് ഇടുക്കി രൂപതയിലെ പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് എടക്കുന്ന് പ്രീസ്റ്റ്സ് ഹോമിൽ വാർഷികധ്യാനം നടത്തുന്ന വൈദികർക്കുവേണ്ടി വി. കുർബാന അർപ്പിച്ചു.

30 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് എടക്കുന്ന് പ്രീസ്റ്റ്സ് ഹോമിൽ വാർഷികധ്യാനം നടത്തുന്ന വൈദികർക്കുവേണ്ടി വി. കുർബാന അർപ്പിച്ചു.

ബ. ജോസഫ് കോയിൽപറമ്പിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പിതാക്കന്മാർ നാല് പേരും പങ്കെടുത്തു.

31 ജേക്കബ് മനത്തോടത്ത് പിതാവ് എടക്കുന്ന് പ്രീസ്റ്റ്സ് ഹോമിൽ വാർഷികധ്യാനം നടത്തുന്ന വൈദികരെ സന്ദർശിച്ച് സന്ദേശം നൽകി.

ബ. സൈമൺ പള്ളുപ്പെട്ട അച്ചന്റെ സഹോദരന്റെ മൃതസംസ്കാര ശുശ്രൂഷയിൽ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഭവനത്തിലും, ജോസ് പുത്തൻവീട്ടിൽ പിതാവ് പള്ളിയിലും മുഖ്യകാർമ്മികത്വം വഹിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് വൈകുന്നേരം തൃക്കാക്കര മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു.

**സെപ്റ്റംബർ 2018**

1 ജോർജ് ആലഞ്ചേരി പിതാവ് കളമശ്ശേരി ചങ്ങമ്പുഴ നഗറിലുള്ള എസ്.എം.ഐ. സിസ്റ്റേഴ്സിന്റെ മഠത്തിൽ ദിവ്യബലിയർപ്പിച്ചു പ്രാർത്ഥിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് കോട്ടയം വടവാതൂർ സെമിനാരി സന്ദർശിക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു. വൈകുന്നേരം കുടവെച്ചൂർ പള്ളിയിൽ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് കൊടിയേറ്റ് നടത്തി.

2 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഏഴിക്കര പള്ളിയിൽ വി. കുർബാന അർപ്പിച്ച് വിശ്വാസപരിശീലനാദ്ധ്യാപകരേയും വിദ്യാർത്ഥികളെയും കണ്ടു.

ജോസ് പുത്തൻവീട്ടിൽ പിതാവ് ചെറുകടപ്പുറം പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

3 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് നിവേദിതയിൽ പോസ്റ്റുലൻസിന് ക്ലാസ്സ് എടുത്തു. ഉച്ചകഴിഞ്ഞ് കോക്കുന്ന് ഇടവകയുടെ നേതൃത്വത്തിൽ നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചെരിപ്പ് നടത്തി.

4 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉച്ചകഴിഞ്ഞ് കലൂർ റിന്യൂവൽ സെന്ററിൽ അദ്ധ്യാപകദിനത്തോടനുബന്ധിച്ച് നടന്ന മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് കുടവെച്ചൂർ പള്ളിയിൽ ആരാധനയുടെ സമാപന സന്ദേശം നൽകി.

5 ജോർജ് ആലഞ്ചേരി പിതാവ് എറണാകുളം ടി.ഡി.എം. ഹാളിൽ മഹാകവി കാളിദാസ സാംസാകാരിക വേദിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട സമ്മേളനത്തിൽ പങ്കെടുത്തു.

ജേക്കബ് മനത്തോടത്ത് പിതാവ് രാവിലെ അരമനയിൽ നടന്ന റിലീജിയസ് സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, തുടർപ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ തുറവൂർ ഐ.റ്റി.ഐ. പുതിയ അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്തു. വി. മദർ തെരേസായുടെ തിരുനാളിനോടനുബന്ധിച്ച് പുക്കാട്ടുപടി മദർ തെരേസാ കോൺവെന്റിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ചൂണ്ടിയിൽ നടന്ന ഭാരതമാത കോളേജിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് വി. മദർ തെരേസായുടെ തിരുനാളിനോട് അനുബന്ധിച്ച് S.R.M. റോഡിലുള്ള മദർ തെരേസാ കോൺവെന്റിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

6 ജോർജ് ആലഞ്ചേരി പിതാവ് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ വിവാഹം ആശീർവ്വദിച്ചു.

ജേക്കബ് മനത്തോടത്ത് പിതാവ് ഉച്ചകഴിഞ്ഞ് ആലങ്ങാട് കുന്നേൽ ഇൻഫന്റ് ജീസസ്സ് പള്ളിയിൽ നടന്ന വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി സൗഹൃദയ സംഘടിപ്പിച്ച 'നാമൊന്നായ്' പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകിട്ട് നോർത്ത് കുത്തിയതോട് സെന്റ് ഫ്രാൻസിസ് സേവ്യർ പള്ളിയിലും, കാടുകുറ്റി ഇൻഫന്റ് ജീസസ് പള്ളിയിലും 'നാമൊന്നായ്' പദ്ധതി ഉദ്ഘാടനം ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഐശ്വര്യഗ്രാമിൽ നടന്ന സേവ് എ ഫാമിലിയുടെ മീറ്റിംഗിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് ചേർത്തല ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുക്കുകയും, ചേർത്തല നൈപുണ്യ കോളേജിന്റെ പുതിയ ലാബിന്റെ വെഞ്ചെരിപ്പ് കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം കുറ്റിപ്പുഴ പള്ളിയിൽ പ്രളയബാധിതർക്കുവേണ്ടി വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും, യുവജനങ്ങളെ അനുമോദിക്കുകയും ചെയ്തു.

8 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ പൊങ്ങം നൈപുണ്യ കോളേജിൽ വി. കുർബാന അർപ്പിക്കുകയും പുതിയ ചാപ്പലിന്റെ വെഞ്ചെരിപ്പ് നടത്തുകയും ചെയ്തു. കുറ്റിപ്പുഴ ഇടവകയുടെ ആഭിമുഖ്യത്തിൽ നടന്ന ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് കൂനമ്മാവിൽ സുബോധന പാസ്റ്ററൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ പ്രളയബാധിതരെ സഹായിക്കുന്നതിനായി സംഘടിപ്പിച്ച 'ഉയിർത്തെഴുന്നേല്പ്' എന്ന പ്രോഗ്രാമിൽ സന്ദേശം നൽകി. വൈകുന്നേരം എറണാകുളം ബസിലിക്കയിൽ പരിശുദ്ധ മാതാവിന്റെ ജനന തിരുനാളിനോടനുബന്ധിച്ച് നടന്ന തിരുനാൾ കുർബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിക്കുകയും തിരുനാൾ സന്ദേശം നൽകുകയും ജപമാല പ്രദക്ഷിണത്തിൽ പങ്കെടുക്കുകയു ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് കൂനമ്മാവിൽ നടന്ന 'ഉയിർത്തെഴുന്നേല്പ്' പ്രോഗ്രാമിൽ സന്ദേശം നൽകി.

9 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് അകപ്പറമ്പ് പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും യുവജനമീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു.

9-10 ജോസ് പുത്തൻവീട്ടിൽ പിതാവ് ചെന്നൈയിൽ പോയി.

11 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് എറണാകുളം ബസിലിക്കയിൽ നടന്ന നാഷണൽ ജെറീക്കോ പ്രാർത്ഥനയുടെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കോർപ്പറേറ്റീവ് എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ മാനേജർമാരുടെയും മഹാജൂബിലി ട്രസ്റ്റും സംയുക്തമായി നടത്തിയ മീറ്റിംഗിൽ പങ്കെടുത്തു.

12 ജോർജ് ആലഞ്ചേരി പിതാവ് പാലാരിവട്ടം പി.ഒ.സി.-യിൽ നടന്ന ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷന്റെ യോഗത്തിൽ പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് അരമനയിൽ നടന്ന നൈപുണ്യ, കൊച്ചിയുടെ മീറ്റിംഗിൽ പങ്കെടുത്തു.

* * * * *

ഒക്ടോബർ 4

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ



**വിശുദ്ധ ഫ്രാൻസിസ് അസ്സീസി,**

**ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ**

Registered No. KL/EKM/748/2016-18

RNI No. 3421/57
Date of Publication: 01.10.2018

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി മേജർ അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM




Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam,
Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and
Printed at Viani Printings, Viani Buildings, No. XXXIX/1524,
Lisie Hospital Road, Ernakulam, Kochi, Kerala - 682 018 and Published from
Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682 031.
Editor: Rev. Fr. Jose Pollayil